I. ഇ.ബി. XII-കേരള നിയമസഭ/II-9

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 4, ബുധൻ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം.**

നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾ

മി. സ്പീക്കർ: നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കോടിക്കണക്കിന് അന്യസംസ്ഥാന പേപ്പർ ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കപ്പെടുന്നതുമൂലം സംസ്ഥാന ലോട്ടറി അനുദിനം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, കെ.കുട്ടി അഹമ്മദ് കുട്ടി, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കേരള ലോട്ടറിക്ക് നാല് വീക്ക്ലി ലോട്ടറികളാണുള്ളത്. അതിൽ കൈരളിയുടെ വിൽപ്പനയിൽ ഗണ്യമായ ഇടിവ് വന്നിട്ടുണ്ട്. കഴിഞ്ഞ വർഷം മാർച്ച് 30 വരെ എല്ലാ ലോട്ടറികളുടെയും വിൽപ്പന 92 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ അത് 110 കോടി രൂപയായിട്ടുണ്ട്. കേരളത്തിലെ മൊത്തം ലോട്ടറി മാർക്കറ്റിന്റെ ശതമാനം കണക്കാക്കിയാൽ ഏതാണ്ട് ആറായിരം കോടിയോളം രൂപയുടെ ലോട്ടറി വിൽപ്പന ഉണ്ട്. അക്കാര്യം ഗവണ്മെന്റ് ഗൗരവമായി കണക്കി ലെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോട്ടറി മാർക്കറ്റിന്റെ ഗണ്യമായ ഭാഗം സംസ്ഥാന ലോട്ടറിക്ക് ലഭ്യമാകുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള ലോട്ടറി പുന:സംവിധാനം ചെയ്യാനുള്ള പരിപാടികൾ തയ്യാറാക്കി യിട്ടുണ്ട്. അതിനായി കൂടുതൽ ലോട്ടറികൾ ആരംഭിക്കാനും പ്രൈസ് സ്ട്രക്ച്ചറിൽ സമൂല മാറ്റം വരുത്താനും ടിക്കറ്റ് വായ്പയായി നൽകിയിട്ട് വിൽക്കാത്ത ടിക്കറ്റുകൾ തിരിച്ചെടുക്കാനുള്ള സംവിധാനമേർപ്പെടുത്താനും മൊത്തം വിൽപ്പനയുടെ നിശ്ചിത ശതമാനം പരസ്യ പ്രചരണത്തിനായി ഉപയോഗപ്പെടുത്താനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലോട്ടറി ഏജന്റുമാരുടെ വെൽഫയർ ഫണ്ടിലേയ്ക്ക് വിറ്റുവരവിന്റെ നിശ്ചിത ശതമാനം ഉറപ്പുവരുത്തിക്കൊണ്ട്, ലോട്ടറി ഏജന്റുമാർ ക്ഷേമനിധിയിൽ അംഗങ്ങളാകണമെന്നുണ്ടെങ്കിൽ സംസ്ഥാന ലോട്ടറി മിനിമമെങ്കിലും വിറ്റിരിക്കണമെന്നത് നിജപ്പെടുത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരി ക്കുന്നതാണ്. ഓരോ തവണയും ഓരോ കാര്യങ്ങൾക്കും വാണിജ്യ നികുതി വകുപ്പിന്റെ അനുവാദം വാങ്ങിക്കേണ്ട സ്ഥിതിവിശേഷം അവസാനിപ്പിച്ച് ഇതിനെ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാക്കി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. കേരളപ്പിറവിയുടെ അമ്പതാം വാർഷികവുമായി

ബന്ധപ്പെട്ടുകൊണ്ട് ഈ വിഷയം ക്യാബിനറ്റിൽ ചർച്ച ചെയ്ത് നടപ്പാക്കാൻ കഴിയുമെന്ന് കരുതുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. വി.ഡി. സതീശൻ: സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറികൾ നിരോധിച്ചുവെങ്കിലും അന്യ സംസ്ഥാന ലോട്ടറികൾ പ്രതിദിനം നറുക്കെടുപ്പ് നടത്തുന്നതുമൂലം സംസ്ഥാന ലോട്ടറികളുടെ നിലനിൽപ്പുതന്നെ അപകട ത്തിലാണ്. കഴിഞ്ഞ വർഷം 12 ലക്ഷം ടിക്കറ്റുകൾ വീതമാണ് വിൽപ്പന നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ ആറും ഏഴും ലക്ഷമായി കുറഞ്ഞി രിക്കുന്നു. കഴിഞ്ഞ ഒരു വർഷം സംസ്ഥാന ലോട്ടറി വിൽപ്പനയിലൂടെ 256 കോടി രൂപ കിട്ടിയിരുന്നുവെങ്കിൽ അന്യസംസ്ഥാന ലോട്ടറികൾ വിൽക്കുന്നത് അയ്യായിരവും ആറായിരവും കോടി രൂപയ്ക്കിടയിലാണ്. ഇത് തുടരുകയാണെങ്കിൽ സംസ്ഥാന ലോട്ടറി ഇല്ലാതാകുന്ന സ്ഥിതിവിശേഷ ത്തിലേയ്ക്ക് കാര്യങ്ങൾ പോകും. നിയമ വിരുദ്ധവും ക്രമവിരുദ്ധവു മായിട്ടാണ് കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ നടത്തിക്കൊണ്ടു പോകുന്നത്. അതാത് ഗവണ്മെന്റുകളുടെ യാതൊരു രേഖയും സംസ്ഥാന സർക്കാർ വാങ്ങിക്കാതെ ഇത്തരം ലോട്ടറികൾ നടത്താൻവേണ്ടി മുൻകൂറായി നികുതി വാങ്ങിച്ചിരിക്കുകയാണ്. ദിവസക്കൂലിക്കാരും പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾ ഓൺ ലൈൻ ലോട്ടറിയിൽ അഡിക്റ്റായ സാഹചര്യത്തിലാണ് കഴിഞ്ഞ ഗവണ്മെന്റ് ഓൺലൈൻ ലോട്ടറികൾ നിരോധിച്ചത്. നികുതി അടച്ചാൽ ആർക്കും ലോട്ടറി ആരംഭിക്കാമെന്നുള്ള സ്ഥിതിവിശേഷമാണ് ഇപ്പോൾ കേരളത്തിലുള്ളത്. ആഴ്ചയിൽ ഒരു പ്രാവശ്യം മാത്രമേ നറുക്കെടുപ്പ് പാടുള്ളൂ എന്ന് കേന്ദ്ര നിയമത്തിൽ കർശനമായി പറയുമ്പോൾ എല്ലാ ദിവസവും നറുക്കെടുപ്പ് നടത്തി

പത്രങ്ങളിൽ പരസ്യം കൊടുക്കുന്നതുവഴി ഒരു ദിവസം 17 കോടി രൂപയാണ് അന്യ സംസ്ഥാന ലോട്ടറിക്കാർ കൊണ്ടുപോകുന്നത്. കേന്ദ്ര നിയമത്തിന്റെ സെക്ഷൻ 4-നെതിരായി കേരളത്തിൽ ഓൺലൈൻ ലോട്ടറി നടത്തുന്നു എന്ന് ആക്ഷേപമുന്നയിച്ചവർ അധികാരത്തിൽ വന്നപ്പോൾ കൂടുതൽ അന്യ സംസ്ഥാന ലോട്ടറികൾക്ക് അനുവാദം കൊടുത്ത് സംസ്ഥാന ലോട്ടറിയെ തകർക്കുന്ന രീതിയിലും കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് കനത്ത ആഘാതമേൽപ്പിക്കുന്ന തരത്തിലുമുള്ള നടപടി കളാണ് സ്വീകരിക്കുന്നത്. രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാന ലോട്ടറിയെ തകർക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ദരിദ്രരായ ലോട്ടറി ഏജന്റുമാരും ദിവസക്കൂലിക്കാരും സാധാരണക്കാരുമായ ആളുകൾ വഴിയാധാരമാകുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന, നിയമം ലംഘിക്കുന്ന, ക്രമവിരുദ്ധമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സിക്കിം, ഭൂട്ടാൻ ലോട്ടറികൾക്ക് കേരളത്തിൽ നിയമവിരുദ്ധമായി പ്രവർത്തിക്കാനുള്ള അധികാരം കൊടുത്തത് ഈ സർക്കാരല്ല. സെക്ഷൻ 4-ന്റെ വയലേഷൻ നടക്കുന്നതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് തരാൻ വിജിലൻസ് ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കിട്ടുമെന്നാണ് അന്വേഷണ ഉദ്യോഗസ്ഥനിൽനിന്ന് അറിയാൻ കഴിഞ്ഞത്. നിയമവിരുദ്ധമായി ആര് എന്തു ചെയ്താലും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും കർശനമായ നടപടിയുണ്ടാകും. നടപടി എടുക്കുമ്പോൾ അത് ഫലവത്താകണമെന്ന

ധാരണയിലാണ് ഗവണ്മെന്റ് നീങ്ങുന്നത്. സെയിൽസിന്റെ എട്ട് ശതമാനം അല്ലെങ്കിൽ കോംപൗണ്ട് ചെയ്യുക എന്നിങ്ങനെ രണ്ട് രീതിയിലാണ് ലോട്ടറികളുടെ മേൽ നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ഓൺലൈൻ ലോട്ടറികളുടെ ഓരോ ബ്രാഞ്ചും ഒരു ഇൻഡിപെൻഡന്റ് സെയിൽസ് ഔട്ട്ലെറ്റ് ആയി കരുതി ഓരോ ദിവസവും 100 ഡ്രോ നടക്കുന്നുണ്ട് എന്ന അനുമാനത്തിൽ ഓരോ ഡ്രോയ്ക്കും 20,000 രൂപ വച്ച് കോംപൗണ്ട് ചെയ്ത് നികുതി അടയ്ക്കണമെന്നാണ് ലോട്ടറീസ് ഡയറക്ടറേറ്റ് കണക്കാക്കി യിരുന്നത്. ആ നിലപാടിനെതിരായി സർക്കാർ കോടതിയിൽ പറഞ്ഞത് പ്രീഅസ്സസ്സ്മെന്റ് നോട്ടീസ് മാത്രമേ നൽകിയിട്ടുള്ളൂവെന്നും ഡിമാൻഡ് നോട്ടീസ് നൽകിയിട്ടില്ലെന്നുമാണ്. കോംപൗണ്ട് ചെയ്യാനുള്ള അവകാശം അല്ലെങ്കിൽ സെയിൽസിന്റെ ടേണോവർ ആയി നിശ്ചയിക്കാനുള്ള ഓപ്ഷൻ ഉണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കണമെന്ന് കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ ഉണ്ടെന്നും സമ്മാനത്തുക കിഴിച്ച് ബാക്കി വരുന്ന തുകയുടെ എട്ട് ശതമാനം നൽകിയാൽ മതിയെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ കഴിഞ്ഞ കേസ്സുകൾ പിൻവലിക്കുകയും ഭാവിയിൽ ഇത്തരത്തിലുള്ള കേസ്സുകൾ എടുക്കുകയില്ല എന്ന രീതിയിൽ അഫിഡവിറ്റ് നൽകിയിരിക്കുകയുമാണ്. നിയമവിരുദ്ധമായി നികുതി കൊടുക്കാത്ത ഓൺലൈൻ ലോട്ടറിക്കാരുടെ മേൽ നടപടികൾ തുടരുന്ന താണെന്ന് അഫിഡവിറ്റ് തിരുത്തി നൽകാനും ഓൺലൈൻ ലോട്ടറികൾ കേരളത്തിൽ നടത്തുന്നതിനെ ശക്തമായി എതിർത്ത് വാദിക്കുന്നതിന് പ്രഗൽഭരായ വക്കീലന്മാരെ നിയോഗിക്കാനും നികുതി വകുപ്പിന്റെ ലിസ്റ്റിലുള്ള രജിസ്റ്റേർഡായിട്ടുള്ള ഓൺലൈൻ ലോട്ടറിക്കാർക്ക് ഡിമാൻഡ് അസ്സസ്മെന്റിനുവേണ്ടി റിട്ടേൺസും കണക്കുകളും ഹാജരാക്കാനുമുള്ള

നടപടികൾ തുടങ്ങിക്കഴിഞ്ഞു. നിയമവിരുദ്ധമായി ഇന്ന് നടക്കുന്ന പേപ്പർ ലോട്ടറികൾ നിയന്ത്രിക്കുന്നതിനും ഓൺലൈൻ ലോട്ടറികൾ നൽകേണ്ട നികുതി കുടിശ്ശിക ഈടാക്കുന്നതിനും കേരള ലോട്ടറി വിപുലീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിൽ ലോട്ടറി സംവിധാനം നവീകരിക്കുന്ന തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. ഇന്ന് ലോട്ടറി മാർക്കറ്റിൽ ഗവൺമെന്റ് ഷെയർ 5 ശതമാനത്തിൽ താഴെയാണ്. ലോട്ടറി നവീകരിച്ചാലും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാത്തിടത്തോളം ഗവൺമെന്റിന്റെ ഷെയർ വർദ്ധിക്കുകയില്ല. കൃത്രിമം കാണിക്കുന്ന ഇത്തരം ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുകയില്ലെന്ന് ഉറപ്പുവരുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ലോട്ടറി കോംപിറ്റേറ്റീവ് ആണ്. ഏതെങ്കിലും ലോട്ടറി നിയമവിരുദ്ധമായ നടപടികൾ എടുക്കുന്നുണ്ടെങ്കിൽ സർക്കാർ അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കർശന നടപടി സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കുന്നതു സംബന്ധിച്ച് പ്രതിപക്ഷം പ്രകടിപ്പിച്ച വികാരത്തോട് ഈ ഗവൺമെന്റ് പൂർണ്ണമായും യോജിക്കുന്നു. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഉറപ്പിൻമേൽ താമസംവിനാ കാര്യങ്ങൾ ചെയ്യുമെന്ന് ഉറപ്പുനൽകുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>കൊച്ചിയിലെ അടിസ്ഥാന സൗകര്യരംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. ബാബു:</u> കൊച്ചി നഗരത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നു. എയർ കണക്ടിവിറ്റി, റെയിൽ കണക്ടിവിറ്റി, പോർട്ട് തുടങ്ങിയ സൗകര്യങ്ങളു ണ്ടെങ്കിലും തിരക്കേറിയ വീഥികളിൽ എന്നും ഗതാഗതക്കുരുക്കാണ്. ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ, ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, അന്തർദേശീയ ബങ്കറിംഗ് സൗകര്യം, പ്രത്യേക സാമ്പത്തിക മേഖലകൾ, സ്മാർട്ട്സിറ്റി എന്നിവയ്ക്കായി കോടികളുടെ നിക്ഷേപമാണ് കൊച്ചിയിലേയ്ക്ക് വരാൻ പോകുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ബാംഗ്ലൂർ സിറ്റിയെ നിക്ഷേപകർ കൈവിട്ടതുപോലെ കൊച്ചിയിലും ഉണ്ടാകാനിടയുണ്ട്. മുൻഗണനാടിസ്ഥാന ത്തിൽ പണം ലഭ്യമാക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയെങ്കിലും ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. കൊച്ചി നഗരം രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന്റെ പിടിയിലാണ് 350 എം.എൽ.ഡി. ജലം കൊച്ചി നഗരത്തിന് ആവശ്യമാണെങ്കിലും 195 എം.എൽ.ഡി. ജലം മാത്രമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ഹഡ്കോ പദ്ധതി പൂർത്തീകരിച്ചാൽപ്പോലും ജലക്ഷാമം പരിഹരിക്കപ്പെടില്ല. ജലജന്യ രോഗങ്ങൾ പലതും മട്ടാഞ്ചേരി പ്രദേശത്ത് പെരുകിയിട്ടുണ്ട്. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ 385 എം.എൽ.ഡി. ജലം ലഭ്യമാകുന്നതിന് തയ്യാറാക്കിയ ബൃഹത്പദ്ധതി അടിയന്തിരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം. കൊച്ചിയിലെ 4 നിര റോഡുകൾ പലതും 8 നിരയാക്കി മാറ്റേണ്ടതാണ്. മെട്രോ റെയിൽവേ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരി

ക്കണം. വൈറ്റില, പാലാരിവട്ടം എന്നിവിടങ്ങളിലെ ജംഗ്ഷനുകളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കേണ്ടതാണ്. കൊച്ചി നഗരത്തിലേയ്ക്ക് വരാനും പുറത്തേയ്ക്ക് കടക്കാനുമായിട്ടുള്ള 5 റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം. ടൂറിസ്റ്റ് കേന്ദ്രമായ മട്ടാഞ്ചേരിയിൽ ഖരമാലിന്യ സംസ്ക്കരണം നടത്താനും സ്വിവറേജ് സൗകര്യം ലഭ്യമാക്കാനും ഡ്രെയിനേജ് പ്രശ്നം പരിഹരിക്കാനും നടപടി സ്വീകരിക്കണം. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷനിൽനിന്നും ധനസഹായം കിട്ടാൻ യഥാസമയം പ്രോജക്ട് തയ്യാറാക്കി കൊടുക്കാനും പദ്ധതികൾ കോ-ഓർഡിനേറ്റ് ചെയ്യാനും സംവിധാനമുണ്ടാക്കണം. കേന്ദ്രത്തിലെ അർബൻ ഡെവലപ്മെന്റ് മിനിസ്ട്രി അനുവദിക്കുന്ന പണം 4-5 വകുപ്പുകളിലായിട്ടാണ് കോ-ഓർഡിനേറ്റ് ചെയ്യേണ്ടത്. അതിനൊരു സംവിധാനമുണ്ടാക്കണം. കേരളത്തിൽ വിവിധ വകുപ്പുകളിലായി കിടക്കുന്ന കേന്ദ്ര നഗര വികസന വകുപ്പിന്റെ പദ്ധതികൾ ഏകോപിപ്പിക്കാനും പ്രോജക്ടുകൾ സമർപ്പിക്കാനുമായി ഉത്തരവാദിത്വമുള്ള ഒരു ബോഡിയെ നിയോഗിക്കാൻ തയ്യാറാകുകയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥ രുടെയും ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരി ക്കുകയും ചെയ്യണം.

(ഈ വിഷയത്തെക്കുറിച്ച് ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞും ഒരു നോട്ടീസ് തന്നിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കൊച്ചിയിലേയും പ്രാന്ത പ്രദേശങ്ങളിലേയും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജവഹർലാൽ നെഹ്റു നാഷണൽ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരം കൊച്ചി നഗരസഭ തയ്യാറാക്കിയ നഗരവികസന പ്ളാൻ കേന്ദ്ര ഗവൺമെന്റിന്

സമർപ്പിച്ചിരിക്കുകയാണ്. ശുദ്ധജല വിതരണ രംഗത്ത് ഇപ്പോൾത്തന്നെ പ്രതിദിനം 135 മില്യൻ ലിറ്റർ വെള്ളത്തിന്റെ അപര്യാപ്തതയുണ്ട്. 2036–ാം ആണ്ടോടുകൂടി പ്രതിദിനം 610 മില്യൻ ലിറ്റർ വെള്ളം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ലഭ്യമാക്കുന്നതിന് 1172 കോടി രൂപയുടെ ചെലവാണ് വികസന പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ളത്. കൊച്ചിയുടെ തീരപ്രദേശങ്ങൾക്കുവേണ്ടി ഒരു ഡീസാലിനേഷൻ പ്ലാന്റ് നിർമ്മിക്കാനും മഴവെള്ള സംഭരണി സ്ഥാപിക്കാനും പദ്ധതിയുണ്ട്. ഇവയ്ക്കെല്ലാംകൂടി മൊത്തം 1218 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും ഗതാഗത ക്കുരുക്കിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ട മെട്രോ റെയിൽവേ പ്രോജക്ടിന് 2239 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ ട്രാഫിക് പരിഷ്ക്കരണം, മറ്റ് ഗതാഗത സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാംകൂടി മൊത്തം 4252 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കപ്പെടുന്നു. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വിവറേജ് സംവിധാനത്തിന്റെ ഒന്നാം ഘട്ടത്തിന് 2064 കോടി രൂപയും രണ്ടാം ഘട്ടത്തിന് 565 കോടി രൂപയും ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ തരത്തിലുള്ള ഗതാഗതവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റമാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇപ്രകാരം ഏകോപിത ട്രാൻസ്പോർട്ട് പദ്ധതിക്കായി മൊത്തം 4252 കോടി രൂപ വിഭാവന ചെയ്തിട്ടുണ്ട്. വെല്ലിംഗ്ടൺ ഐലൻഡിൽ നേവൽ ബേസിന്റെ സമീപത്ത് കൊച്ചിൻ കോർപ്പറേഷൻ ചവർ നിക്ഷേപിക്കുന്നത് വൻ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുകയും നഗരവാസികൾക്കും ടൂറിസ്റ്റു

കൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഗുരുതരമായ പ്രശ്നം കണക്കിലെടുത്ത് ബ്രഹ്മപുരത്ത് 102 ഏക്കർ സ്ഥലത്ത് ഒരു ഖരമാലിന്യ പ്ളാന്റ് സ്ഥാപിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താൻ ഇതിനെ അതിവേഗ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ ജെ.എൻ.യു.ആർ.എം. പദ്ധതിയിൽപ്പെട്ട ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 152 കോടി രൂപയ്ക്കുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കാൻ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്ന തോടുകൂടി കൊച്ചി നഗരം അനുഭവിക്കുന്ന പ്രധാനപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹൃതമാകുന്നതാണ്. മെമ്പർ പറഞ്ഞതുപോലുള്ള കോ-ഓർഡിനേഷന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുന്നതാണ്.

(2) <u>ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

<u>ശ്രീ. എ.എ.അസീസ്</u>: സംസ്ഥാനത്ത് ഒട്ടാകെയുള്ള 3,45,000 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഉൾപ്പെടുന്ന ഇ.എസ്.ഐ. പദ്ധതിയിൻകീഴിൽ 136 ഡിസ്പെൻസറികളും 13 ആശുപത്രികളുമുണ്ട്. തൊഴിലാളികളുടെ അംശദായം 1.75 ശതമാനവും തൊഴിലുടമയുടെ അംശദായം 4.75 ശതമാനവുമാണ്. ഇന്ന് ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ആവശ്യത്തിനുള്ള മരുന്നുകളില്ല. മരുന്നുകൾ പുറത്തുനിന്നും വാങ്ങുന്ന ഇനത്തിൽ 2000 മാർച്ച് മുതൽ ഏഴ് കോടിയിൽപ്പരം രൂപയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകാനുള്ളത്. കൃത്യമായി പണം അടഞ്ഞിട്ടില്ല എന്ന കാരണത്താൽ മെഡിക്കൽ കോളേജ്, എസ്.സി.ടി, ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുന്ന ശസ്ത്രക്രിയകൾ

കൃത്യസമയത്ത് നടക്കുന്നില്ല. ഇ.എസ്.ഐ.യിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ഫാക്ടറി അടച്ചിട്ടിരുന്നാലും ചികിത്സയും മരണാനന്തര സാമ്പത്തികസഹായവും മരണാനന്തര ചെലവുകൾക്കാവശ്യമായ ധനസഹായവും നൽകണം. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ആവശ്യമായ മരുന്ന് ലഭ്യമാക്കണം. തൊഴിലാളികൾക്ക് നൽകാനുള്ള റീഇംബേഴ്സ്മെന്റ് കുടിശ്ശിക തീർത്ത് നൽകണം. ഇ.എസ്.ഐ.യിൽ അംഗങ്ങളായവർക്ക് ശസ്ത്രക്രിയയ്ക്കും മറ്റ് ചികിത്സയ്ക്കുമുള്ള നടപടികൾ ഉണ്ടാകണം. ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇ.എസ്.ഐ. സ്കീമിലേയ്ക്ക് തൊഴിലാളികളിൽനിന്നും വിവിധ വ്യവസായ സ്ഥാപനങ്ങൾ പിടിക്കുന്ന അംശദായം കൃത്യമായി ഈടാക്കാനുള്ള പ്രധാന മെഷിനറിയായ ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും ഇ.എസ്.ഐ. ഡിസ്പെൻസറികളിലുള്ള 200–ൽപ്പരം ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. ഇ.എസ്.ഐ. യോട് അനുബന്ധിച്ച് ആയുർവ്വേദ, ഹോമിയോ ചികിത്സകൾ നൽകുന്നുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ഡോക്ടർമാരുടെ കുറവും ഡോക്ടർമാർ കൃത്യമായി ഹാജരാകാതിരിക്കുന്നതും സാധാരണയാണ്. യഥാർത്ഥ രോഗികൾക്കുപോലും ലീവ് അനുവദി ക്കുന്നതിൽ കൈക്കൂലി വാങ്ങുക തുടങ്ങി വമ്പിച്ച അഴിമതിയാണ് അവിടെ നടക്കുന്നത്. ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ ഇ.എസ്.ഐ. ആശുപത്രികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള അഡ്വൈസറി കമ്മിറ്റിയുടെയും വികസന സമിതിയുടെയും പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>തൊഴിലും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ  പി.കെ. ഗുരുദാസൻ):</u> സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലുമുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 27–09–2006–ന് പ്രസിദ്ധീകരിച്ച പി.എസ്.സി ലിസ്റ്റിൽനിന്ന് ഡോക്ടർമാരുടെ ഒഴിവുകൾ പൂർണ്ണമായി നികത്താൻ ശ്രമിക്കുന്നതാണ്. ആയുർവ്വേദ, ഹോമിയോ ഡോക്ടർമാരെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കുന്നതാണ്.  മരുന്ന് വാങ്ങിയതിലുള്ള കുടിശ്ശിക ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇ.എസ്.ഐ.യിലേയ്ക്കുള്ള തൊഴിലാളി–തൊഴിലുടമ വിഹിതം പിരിച്ചെടുക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്. റീഇംബേഴ്സ്മെന്റിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഇ.എസ്.ഐ. ആശുപത്രികളിൽ കട്ടിൽ, ബെഡ്ഷീറ്റ് എന്നിവ നൽകി ആശുപത്രികളിലെ ശോച്യാവസ്ഥ പരിഹരിക്കാനും തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും അർഹമായ ചികിൽസാ സൗകര്യങ്ങളും ലീവാനുകൂല്യങ്ങളും ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ലേബർ സെക്രട്ടറിയും ഇ.എസ്.ഐ. കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. അഡ്വൈസറി ബോർഡ് രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ക്രമപ്രശ്നം**

<u>നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതു സംബന്ധിച്ച്</u>

<u>ശ്രീ. കെ.എം.മാണി:</u> 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ 30–ാം വകുപ്പനുസരിച്ച് നിയമസഭ പാസ്സാക്കുന്ന റെസലൂഷൻ വ്യവസ്ഥയിലൂടെ മാത്രമേ പൊതുസ്വത്തായ

വെള്ളം മറ്റൊരു സംസ്ഥാനത്തിന് നൽകാൻ കേരള സർക്കാരിന് സാധിക്കൂവെന്നിരിക്കെ നെയ്യാർ ഡാമിലെ വെള്ളം തമിഴ്നാടിന് കൊടുക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി നിയമസഭയ്ക്കു പുറത്ത് പ്രസ്താവന നടത്തിയത് തികച്ചും നിയമസഭയോടുള്ള അവഹേളനവും നെയ്യാർ ഡാമിലെ വെള്ളം തമിഴ്നാടിന് വിട്ടുകൊടുക്കാൻ സമ്മതമാണെന്നറിയിച്ച് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചത് പ്രസ്തുത ആക്ടിലെ 30-ാം വകുപ്പിന്റെ ലംഘനവുമാണ്.

മുഖ്യമന്ത്രി (ശ്രീ വി.എസ്. അച്ചുതാനന്ദൻ): നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച് പത്രക്കാരോട് ഞാൻ പ്രസ്താവന നടത്തിയിട്ടില്ല. 10.06.2006-ൽ തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. നെയ്യാർ ഡാമിലെ വെള്ളം തമിഴ്നാടിന് വിട്ടുകൊടുക്കുന്നതിനെക്കുറിച്ച് ഞാൻ പ്രതിപക്ഷനേതാവുമായി സംസാരിച്ചിരുന്നു. അതിനുശേഷം തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതി. ആ കത്തിന്റെ ഒരു സൂചനയായിരിക്കാം പത്രങ്ങളിൽ വന്നത്. നെയ്യാർ ഡാമിലെ വെള്ളം നൽകാൻ താൽപര്യമുണ്ടെന്ന് മാത്രമേ അറിയിച്ചിട്ടുള്ളൂ. ചട്ടങ്ങൾ അനുസരിച്ചു മാത്രമേ നടപടി എടുക്കുകയുള്ളൂ. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയായി ഉയർത്തിയാലുണ്ടാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് കേരള സർക്കാർ സുപ്രീം കോടതിയെ ബോധ്യപ്പെടുത്തിയതിലൂടെ അന്തർ സംസ്ഥാന നദീജല തർക്കങ്ങളെല്ലാം സൗഹൃദപരമായ ചർച്ചകളിലൂടെ പരിഹരിക്കണമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സൗഹൃദപരമായ ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ അന്തരീക്ഷം ഒരുക്കുന്നതിന്റെ സൂചന മാത്രമായിരുന്നു ആ കത്ത്.

മി.സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

മുഖ്യമന്ത്രി (ശ്രീ വി.എസ്.അച്ചുതാനന്ദൻ): തമിഴ്നാട് മുഖ്യമന്ത്രിയുമായി 10–06–2006–ൽ ചെന്നൈയിൽ വച്ച് ഞാൻ ചർച്ച നടത്തിയിരുന്നു. മുല്ലപ്പെരിയാർ, പറമ്പിക്കുളം–ആളിയാർ നദീജല പ്രശ്നങ്ങൾ ഞാൻ ഉന്നയിച്ചിരുന്നു. അപ്പോൾ തമിഴ്നാട് മുഖ്യമന്ത്രി നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്ന പ്രശ്നം ഉന്നയിച്ചു. ഇക്കാര്യങ്ങൾ പരസ്പരം ചർച്ച ചെയ്ത് സൗഹൃദമായി പരിഹരിക്കുന്നതിന് ഇരു സംസ്ഥാനങ്ങളും തമ്മിൽ മന്ത്രിതല ചർച്ച ആരംഭിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുകയുണ്ടായി. ചർച്ചകൾക്ക് സഹായകരമായി നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്ന കാര്യത്തെക്കുറിച്ച് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഞാൻ എഴുതുകയുണ്ടായി. നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്റ്റിന്റെ വ്യവസ്ഥകൾ അനുസരിച്ച് നിയമസഭ പ്രമേയം പാസ്സാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ഫോർട്ട് കൊച്ചി തീരദേശ സംരക്ഷണം

ശ്രീ.സി.എം. ദിനേശ് മണി: വല്ലാർപാടം കൺടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കപ്പലുകളടുപ്പിക്കുന്നതിനുവേണ്ടി ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് നടത്തുന്നതിന് പദ്ധതിയിൽ 379 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പഠനം നടത്തുന്നതിനായി മൂന്ന് ഏജൻസികളെ ചുമതലപ്പെടുത്തിയതായാണ് പോർട്ട് ട്രസ്റ്റ് ചെയർമാൻ അറിയിച്ചി

ട്ടുള്ളത്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ച 1921 മുതൽ ചെല്ലാനം-ഫോർട്ട് കൊച്ചി തീരം പടിപടിയായി നഷ്ടപ്പെടുകയും വൈപ്പിൻ തീരപ്രദേശം അധികരിക്കുകയും ചെയ്യുകയാണ്. പ്രസ്തുത ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് വരുമ്പോൾ തീരപ്രദേശം നഷ്ടപ്പെടാതെ സംരക്ഷിക്കാനുള്ള നടപടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പ്രോജക്ടിന്റെ നിർമ്മാണം ചെല്ലാനം ഫോർട്ട് കൊച്ചി തീരപ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കോട്ടങ്ങളുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. കൂറ്റൻ കണ്ടെയ്നർ കപ്പലുകൾക്ക് അടുക്കുന്നതിനായി പോർട്ടിലേയ്ക്കുള്ള ചാനൽ ഡ്രെഡ്ജിംഗ് നടത്തി ആഴവും വീതിയും കൂട്ടേണ്ടതുണ്ട്. കപ്പൽ ചാനലും തുറമുഖവുമുണ്ടാക്കുന്ന ജലമർദ്ദ വ്യത്യാസത്തേയും മറ്റു സാഹചര്യങ്ങളേയും കുറിച്ച് പഠിക്കാൻ പൂനെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന പക്ഷം അതിനുള്ള പ്രതിവിധികളെപ്പറ്റിയും സി.ഡബ്ളിയു. പി.ആർ.എസ്-ന്റെ റിപ്പോർട്ടിൽ വിശദീകരിക്കുന്നുണ്ട്. ഡ്രെഡ്ജിംഗ് തീരപ്രദേശത്തിന്റെ സ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നുവെങ്കിൽ പ്രതിവിധികൾ കൈക്കൊള്ളുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരുവിധ ആശങ്കയ്ക്കും വകയില്ല.

### (2) കരിപ്പൂർ വിമാനത്താവളത്തിൽ യാത്രക്കാർ നേരിടുന്ന വിഷമതകൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കോഴിക്കോട് വിമാനത്താവളത്തിന് പുതുതായി ഏറ്റെടുക്കുന്ന 162 ഏക്കർ ഭൂമിയിൽ താമസിക്കുന്ന 45 കുടുംബ

ങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുകയും അവരെ ഈ വിമാനത്താവളത്തിലെ അവിദഗ്ദ്ധ തൊഴിലുകളിൽ പരിഗണി ക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. കോഴിക്കോട് വിമാനത്താവളത്തിൽ വരുന്ന വാഹനങ്ങളുടെ പാർക്കിംഗ് ഫീസ് കുറയ്ക്കുകയും ആളിനെ ഇറക്കിയിട്ട് തിരികെ പോകുന്ന വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന പാർക്കിംഗ് ഫീസ് ഒഴിവാക്കുകയും ചെയ്യണം. ഈ വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചുവെങ്കിലും എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും ഗൾഫ് സെക്ടറിലേയ്ക്ക് മാത്രമാണ് സർവ്വീസുകൾ നടത്തുന്നത്. പല ഫ്ളൈറ്റുകളും റദ്ദാക്കുന്നതും വൈകി ഓടിക്കുന്നതും ഇവിടെ സ്ഥിരം സംഭവമാണ്. ഇക്കാര്യങ്ങൾ കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയുടേയും പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽ പ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോഴിക്കോട് വിമാന ത്താവളത്തിൽനിന്നും എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. വിമാനങ്ങളുടെ ലഭ്യതക്കുറവ്, പൈലറ്റുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട പരിമിതികൾ, വിമാനം ഇറങ്ങുന്ന എയർപോർട്ടുകളുടെ മോശമായ കാലാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ സർവ്വീസുകൾ റദ്ദ് ചെയ്യാറുണ്ട്. മഴക്കാലത്ത് താഴ്ന്ന സ്ഥലങ്ങളിൽ മേഘങ്ങൾ ഉള്ളപ്പോൾ ലാന്റ് ചെയ്യുന്നതിനുള്ള തടസ്സങ്ങൾ കാരണം ഫ്ളൈറ്റുകൾ മറ്റ് എയർപോർട്ടു കളിലേയ്ക്ക് തിരിച്ചുവിടാറുണ്ട്. ഗൾഫിലേയ്ക്കുള്ള സർവ്വീസുകൾ ഇടയ്ക്കിടയ്ക്ക് റദ്ദാക്കുന്ന കാര്യം കോഴിക്കോട് എയർപോർട്ട് ഡയറക്ടർ ബന്ധപ്പെട്ട എയർലൈൻസ് കമ്പനികളുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

സർവ്വീസുകൾ വൈകുന്ന കാര്യം മുൻകൂട്ടി അറിയാവുന്ന സന്ദർഭങ്ങളിൽ എയർലൈൻസ് കമ്പനികളും ട്രാവൽ ഏജന്റുമാരും ആ വിവരം യാത്രക്കാരെ അറിയിക്കാറുണ്ട്. എയർപോർട്ട് അതോറിറ്റികളുടെ കോർപ്പറേറ്റ് ഓഫീസുകളിൽ നിശ്ചയിച്ചിട്ടുള്ള. വാഹനങ്ങളുടെ പാർക്കിംഗ് ഫീസ് എല്ലാ വിമാനത്താവളങ്ങളിലും ഒരുപോലെയാണ് ഈടാക്കിവരുന്നത്. ആളിനെ ഇറക്കിയിട്ട് തിരിച്ചുപോകുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കുകയില്ലെന്ന് കോഴിക്കോട് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിമാനത്താവളത്തിലെ ക്ളീനിംഗ് പോലുള്ള അവിദഗ്ദ്ധ ജോലികൾ ടെന്റർ വിളിച്ച് കരാർ അടിസ്ഥാനത്തിലാണ് നൽകുന്നത്. കഴിയുന്നതും തദ്ദേശവാസികൾക്ക് അത്തരം ജോലികൾക്ക് പരിഗണന നൽകണമെന്ന് കരാറുകാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) <u>കാളിയാർ എസ്റ്റേറ്റ്</u>

<u>ശ്രീ. പി. സി. ജോർജ്</u>: ലീസിനു കൊടുത്തിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടത്തുക അടയ്ക്കാത്തതുമൂലം സംസ്ഥാനത്തിന് വളരെയധികം സാമ്പത്തിക നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 1504.54 ഏക്കർ ഭൂമിയുള്ള കാളിയാർ എസ്റ്റേറ്റ്, ബോംബെയിലെ ഹാരിസൺ പ്ളാന്റേഷൻ കമ്പനി കേരളത്തിലെ മറ്റൊരു കംപനിയുമായി എഗ്രിമെന്റ് ഉറപ്പിച്ച് 13 കോടി രൂപയുടെ ലാഭത്തിന് മറിച്ചുവിറ്റതിനെക്കുറിച്ച് അന്വേഷണം നടത്തണം. അത് വാങ്ങാനുള്ള പണത്തിന്റെ സ്രോതസ് എവിടെ നിന്നാണെന്നുള്ളതിനെക്കുറിച്ചും അന്വേഷിക്കണം. സർക്കാരിന് ലഭിക്കാനുള്ള 144 കോടി രൂപയുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുകയും പാട്ടത്തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ഹാരിസൺ പ്ളാന്റേഷൻ കമ്പനിയുടെ ഇടുക്കി ജില്ലയിലെ കാളിയാർ എസ്റ്റേറ്റിന്റെ കൈമാറ്റത്തെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ഈ കമ്പനിയും കൊച്ചിയിലെ നെസ്റ്റ് ഗ്രൂപ്പുമായി 2.9.06–ൽ രണ്ട് മാസത്തെ കാലാവധിവച്ച് എം.ഒ.യു. ഒപ്പുവച്ചതായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എസ്റ്റേറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള പ്രാഥമിക ഉടമ്പടി ഈ കമ്പനിയും നെസ്റ്റ് ഗ്രൂപ്പും തമ്മിൽ നടത്തിയെന്ന് ബോധ്യം വന്ന സാഹചര്യത്തിൽ 1963–ലെ ലാന്റ് റിഫോംസ് നിയമത്തിലെ 120 (എ) വകുപ്പ് പ്രകാരം ആധാരം രജിസ്റ്റർ ചെയ്യരുതെന്ന് കാണിച്ച് 30–9–06–ലെ നടപടിക്രമമനുസരിച്ച് ബന്ധപ്പെട്ട വകുപ്പിന് ഇടുക്കി ജില്ലാ കളക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. ഭൂമി വിൽക്കാനുള്ള നടപടി കർശനമായി തടയുന്നതോടൊപ്പം 1963–ലെ കേരള ഭൂ പരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ഭൂമി ക്രയവിക്രയം നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതുമാണ്. നിയമവിരുദ്ധ മായി നടത്തുന്ന എല്ലാ വിൽപ്പനകളും തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ കാളിയാർ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള വസ്തുക്കൾ വിൽപ്പന നടത്തുന്നത് നിയമാനുസൃതമല്ല. ഈ കമ്പനിയുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച് പരിശോധിച്ച് നിയമ നടപടികൾ കൈക്കൊ ള്ളുന്നതാണ്. കമ്പനി ഭൂമി അനധികൃതമായി കൈമാറ്റം ചെയ്യുന്നത് തടയുന്നതിനായി സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരി ക്കുന്നതാണ്.

(4) ചെക്ക്പോസ്റ്റുകളിൽ ജനകീയ ജാഗ്രതാ സമിതികൾ

ശ്രീ. കെ. സി. ജോസഫ്: ചെക്ക്പോസ്റ്റുകളിലൂടെയുള്ള കള്ളക്കടത്തും നികുതി വെട്ടിപ്പും വർദ്ധിച്ചുവരികയാണ്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം

കാര്യക്ഷമമാക്കണം. ഗവൺമെന്റ് മെഷിനറി ഉപയോഗിച്ച് നികുതി പിരിക്കണം. ചെക്ക്പോസ്റ്റുകളിലെ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിന് ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനം തെറ്റായ കീഴ്വഴക്കങ്ങൾക്കും അധികാര ദുർവിനിയോഗത്തിനും വഴിതെളിക്കുമെന്നതു കൊണ്ട് അത് പുന:പരിശോധിക്കേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന് ഊർജ്ജസ്വലമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ ജനകീയ ജാഗ്രതാ സമിതികൾ നിലവിലില്ല. പാലക്കാട് ജില്ലയിൽ ചെക്ക്പോസ്റ്റുകളേക്കാൾ കൂടുതൽ സാറ്റലൈറ്റ് ചെക്ക്പോസ്റ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽപ്പോലും ഊടുവഴികളൊന്നും അടയ്ക്കാൻ സാധിക്കില്ല എന്നാണ് ഹിതപരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. ചില സ്ഥലങ്ങളിൽ സ്വകാര്യ ഭൂമിയിലൂടെ വഴിയിട്ടിരിക്കുന്നതായും പിരിവ് നടത്തുന്നതായും നേരിട്ട് കാണാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളെ ഇതിൽ പങ്കാളികളാക്കുക എന്നുള്ളതാണ് ഇതിനൊരു പരിഹാര മാർഗ്ഗം. ഊടുവഴി കളിൽ പഞ്ചായത്ത് തീരുമാനിക്കുന്ന സമിതിയേയോ ഉദ്യോഗസ്ഥരേയോ പഞ്ചായത്ത് അംഗങ്ങളേയോ നിയോഗിക്കുന്നതിന് ഒരു റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതാണ്. ഇതിന്റെ പാളിച്ചകൾ കുറയ്ക്കുന്നതിന് കൈക്കൊളേളണ്ട മുൻകരുതലുകൾ ഉൾപ്പെടുത്തി പ്രായോഗികമായി നടപ്പാക്കുന്നതിന് പ്രത്യേക ഉത്തരവ് ഇറക്കുന്നതാണ്.

(5) കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: 1978-ൽ ആരംഭിച്ച കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി ധാരാളം ജനകീയ പ്രക്ഷോഭങ്ങൾ നടന്നിട്ടും

സ്തംഭനാവസ്ഥയിലാണ്. മംഗലം പഞ്ചായത്തിന്റെ ഇരുകരകളേയും ബന്ധിപ്പിക്കുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും 15,000 ഏക്കർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനും സാധിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായ മംഗലം പഞ്ചായത്തിന്റെ ഭാഗത്തുള്ള 366 മീറ്റർ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. കൂട്ടായി ഭാഗത്തിന്റെ 500 മീറ്റർ പണി പൂർത്തീകരിക്കാനുണ്ട്. ലോക്കിന്റെയും 20 സ്പാനുകളുടേയും പണി പൂർത്തീകരിച്ചുവരുന്നു. കൂടാതെ തൃപ്രങ്ങോട്, മംഗലം, വെട്ടം, തലക്കാട്, പുറത്തൂർ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നവും ഈ പദ്ധതി പൂർത്തിയാക്കുന്നതിലൂടെ പരിഹരിക്കാൻ കഴിയും. എത്രയുംവേഗം കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> ജലസേചനം, കുടിവെള്ളം, നാവിഗേഷൻ, വെള്ളപ്പൊക്ക നിയന്ത്രണം, ഉപ്പുവെള്ളം തടയൽ എന്നീ വിവിധ ഉദ്ദേശത്തോടുകൂടി രൂപകൽപ്പന ചെയ്തിട്ടുള്ള കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി രൂക്ഷമായ കാലവർഷവും നിരവധി സാങ്കേതിക തടസ്സങ്ങളുംമൂലം പലപ്പോഴും തടസ്സപ്പെട്ടിട്ടുണ്ട്. നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് പദ്ധതിയുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഒരുമിച്ച് ടെന്റർ ചെയ്ത് 8-4-2003-ൽ പണി ആരംഭിക്കുകയുണ്ടായി. ഷെഡ്യൂൾ അനുസരിച്ച് 2005-ൽ പൂർത്തിയാകേണ്ട പണി കാലം തെറ്റിയുള്ള കാലവർഷവും മറ്റ് പ്രതികൂല സാഹചര്യങ്ങളും കൊണ്ട് നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 286.82 ലക്ഷം രൂപ മുടക്കി പദ്ധതിയുടെ 60 ശതമാനം പണി പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള

സാഹചര്യമനുസരിച്ച് വേഗത്തിൽ ഈ പ്രവൃത്തി നടപ്പാക്കി 2007 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്ന താണ്.

(6) കാർഷിക പാക്കേജ്

ശ്രീ. രാജു എബ്രഹാം: കാർഷിക പാക്കേജിന്റെ ഭാഗമായി 5665 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിരുന്നു വെങ്കിലും കേരളത്തിന് 765.24 കോടി രൂപ അനുവദിക്കുകയും ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് പാക്കേജ് അനുവദിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. സംസ്ഥാന ത്തിന്റെ ആവശ്യങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ ഈ തുക അപര്യാപ്തമാണ്. അതുകൊണ്ട് ശേഷിക്കുന്ന തുകകൂടി കാർഷിക പാക്കേജിന്റെ ഭാഗമായി അനുവദിക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സംസ്ഥാനത്ത് കക്ഷിരാഷ്ട്രീയത്തിനതീതമായി കാർഷിക പാക്കേജിനുവേണ്ടി നിരന്തരം സമ്മർദ്ദം ചെലുത്തുകയും നിരവധി ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി 3 ജില്ലകൾക്കായി 765 കോടി രൂപയുടെ പാക്കേജ് കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്ത മാണ്. മാത്രമല്ല, ഇടുക്കി, ആലപ്പുഴ ജില്ലകളെ പാക്കേജിൽപ്പെടുത്താതെ പ്രത്യേക പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന അവസരത്തിൽ പരിഗണി ക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഈ ജില്ലകളെ പദ്ധതിയിൽ

ഉൾപ്പെടുത്താനും പാക്കേജിന്റെ അപര്യാപ്തത നികത്താനും കേന്ദ്ര ഗവണ്മെന്റിൽ കൂടുതൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

(7) ചന്ദന മരം മോഷണം

ശ്രീ. സി.പി. മുഹമ്മദ്: മേപ്പാടി ഫോറസ്റ്റ് റേഞ്ച് ഓഫീസിന്റെ പരിസരത്തുനിന്ന് അനേകം ചന്ദന മരങ്ങൾ മോഷണം പോയ സംഭവം വളരെ ഗൗരവമുള്ളതാണ്. വനം വകുപ്പുമന്ത്രി തന്നെ ഇക്കാര്യം അറിഞ്ഞത് വളരെ വൈകിയാണ്. ഇതുമായി ബന്ധപ്പെട്ട് 5 ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തെങ്കിലും കളവുപോയ ചന്ദന മരങ്ങൾ കണ്ടെടുക്കുന്ന തിനും കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും ഇതുവരെ കഴിഞ്ഞിട്ടില്ല. ഇത്രയും ചന്ദന മരങ്ങൾ മോഷണം പോയ സംഭവം മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടാനുണ്ടായ കാലതാമസം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഇന്റലിജൻസ് സംവിധാനത്തിലുള്ള പോരായ്മയാണ്. ഉന്നതതല അന്വേഷണം നടത്തി മോഷ്ടിക്കപ്പെട്ട മരങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം..

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): പ്രശ്നത്തിന്റെ ഗൗരവം സർക്കാർ ഉൾക്കൊള്ളുന്നു. ഈ സംഭവം അറിഞ്ഞ ഉടൻതന്നെ വനം വകുപ്പിന്റെ നോർത്തേൺ റീജിയൺ സി.സി.എഫ്. അടക്കമുള്ളവർ സ്ഥലത്തുപോയി അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 5 പേരെ റിപ്പോർട്ട് കിട്ടി ഒരു മണിക്കൂറിനുള്ളിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. മേപ്പാടി റേഞ്ച് ഓഫീസിന്റെ വിളിപ്പാടകലെ 37 ചന്ദന മരങ്ങൾ മോഷണം പോയതിന്റെ കാരണം എന്തായാലും കുറ്റക്കാർ ആരായാലും സന്ധിക്ക് സർക്കാർ തയ്യാറല്ല. വനം കൊള്ളയ്ക്കും മരം കൊള്ളയ്ക്കും സർക്കാർ എതിരാണ്. സർക്കാർ നയം

ഉൾക്കൊള്ളാൻ ഭൂരിപക്ഷം ഉദ്യോഗസ്ഥരും തയ്യാറാണ്. അതിന് തയ്യാറാകാത്ത ഉദ്യോഗസ്ഥരെ നയം ഉൾക്കൊള്ളുന്നതിന് തയ്യാറാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. ആ പരിശ്രമത്തിന് സഭയുടെ എല്ലാ പിന്തുണയും പ്രതീക്ഷിക്കുന്നു.

(8) <u>ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രം</u>

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> മുരിങ്ങൂർ ധ്യാന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഇടയ്ക്കിടെ നടക്കുന്ന പോലീസ് പരിശോധന തടസ്സം സൃഷ്ടിക്കുന്നതായി അധികാരികൾ പരാതി പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ വാർത്തകൾ മാധ്യമങ്ങളിലൂടെ വരികയും ധാരാളം പ്രചരണങ്ങൾ നടക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ യഥാർത്ഥ വസ്തുതകൾ ഗവണ്മെന്റ് വെളിപ്പെടുത്തണം.

(ശ്രീ. കെ.എം. മാണിയും ഇതുസംബന്ധിച്ച് ഒരു നോട്ടീസ് നൽകിയിരുന്നു.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കണമെന്നും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഇക്കാര്യം അന്വേഷിക്കണമെന്നുമുള്ള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ 2006 മാർച്ച് 25-ന് ഐ.ജി. ശ്രീ. വിൻസെന്റ് എം. പോളിന്റെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിക്കുകയുണ്ടായി. ധ്യാന കേന്ദ്രവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളിൽ ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക പദവി ഉപയോഗപ്പെടുത്തി സഹായിക്കുന്നുണ്ടോ എന്നുള്ള കാര്യവും പരിശോധനയ്ക്ക് വിധേയമാക്കണമെന്നും എല്ലാ

സർക്കാർ വകുപ്പുകളും ഇൻവെസ്റ്റിഗേഷൻ ടീമിനോട് സഹകരിക്കണമെന്നും അന്വേഷണ പുരോഗതി അപ്പപ്പോൾ അറിയിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവിടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുള്ളത്. ഡിവൈൻ ധ്യാന കേന്ദ്രത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന ഒരു ഇടപെടലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുക യില്ല. ഇതു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഹൈക്കോടതിയെ അറിയിക്കുന്നതാണ്.

<u>കെ..എം.മാണി:</u> പതിനായിരക്കണക്കിന് രോഗികൾക്ക് ശുശ്രൂഷ ലഭിക്കുന്ന ഒരു ആരാധനാ കേന്ദ്രമാണത്. ആരാധന നടക്കുമ്പോൾ വൻ പോലീസ് സന്നാഹം റെയ്ഡ് നടത്തുന്ന പ്രതീതി ഉളവാക്കിക്കൊണ്ട് അവിടേയ്ക്ക് കയറിച്ചെന്നത് തികച്ചും തെറ്റാണ്,. അങ്ങനെ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്ത രത്തിൽ യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. മുൻ ഗവൺമെന്റ് കൊടുത്തിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് ഇപ്പോൾ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പോലീസ് പ്രവർത്തിച്ചിട്ടു ണ്ടെങ്കിൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷനാണ് പോലീസ് നടത്തിയിട്ടുള്ളത്. ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

(9) പാപനാശത്ത് നടക്കുന്ന തുരങ്ക നിർമ്മാണം

ശ്രീ. വർക്കല കഹാർ: വർക്കലയിൽ പാപനാശം കടലിനോട് ചേർന്ന് ഫ്രഞ്ചുകാരനായ വിദേശിയുടെ ബിനാമി 30 സെന്റ് സ്ഥലം വാങ്ങി ഒരു ഡിപ്പാർട്ടുമെന്റിന്റെയും പെർമിഷൻ കൂടാതെ ഒരു റിസോർട്ടിന്റെ നിർമ്മാണ മെന്ന പേരിൽ രഹസ്യമായി രാത്രിയിൽ കുന്നിന്റെ മുകളിൽനിന്നും 15 അടിയോളം താഴ്ചയിൽ ഭൂമി തുരന്ന് പടിക്കെട്ടുകൾ നിർമ്മിച്ച് ഭൂഗർഭ തുരങ്കം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. പുറം കടലിൽനിന്നും നേരിട്ട് പ്രവേശിക്കാവുന്ന നിലയിൽ പാപനാശം കടലിലേയ്ക്കാണ് അത് ചെന്ന് എത്തുന്നത്. ഭാവിയിൽ രാജ്യത്തിന്റെ സുരക്ഷയ്ക്ക് തന്നെ ഭീക്ഷണി യാകുന്ന തരത്തിൽ ചാരപ്രവൃത്തികൾക്ക് വേണ്ടിയാണോ പുറം കടലിൽനിന്നും നേരിട്ട് പ്രവേശിക്കാവുന്ന നിലയിൽ തുരങ്കം നിർമ്മിച്ചു കൊണ്ടിരിക്കുന്നതെന്നും കടൽ വഴി മയക്കുമരുന്ന് കടത്താൻ ഉദ്ദേശമുണ്ടോ യെന്നുമൊക്കെയുള്ള സംശയങ്ങൾ നിലനില്ക്കുന്നുണ്ട്.. ഈ തുരങ്കം നിർമ്മിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്ന് ഗവൺമെന്റ് സമഗ്രമായി അന്വേഷിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വർക്കല പാപനാശം കടലിനോട് ചേർന്ന് 29 സെന്റ് ഭൂമി ചിലക്കൂർ അരിയിറക്കത്ത് വട്ടപ്പത്ത് മലപ്പുറം വീട്ടിൽ മുഹമ്മദ് സാലിയുടെ മകൻ ബൈനയിൽ എന്ന ആളിൽ നിന്നും അക്വാശ്രമം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, വർക്കല എന്ന സ്ഥാപനത്തിനുവേണ്ടി കേരളത്തിന്റെ പ്രതിനിധിയും ഡയറക്ടറുമായ വർക്കല പാപനാശം ബീച്ചിൽ ഏതൻസ് ഗാർഡനിൽ ബിജുകുമാറിന്റെ പേരിൽ വിലയ്ക്കുവാങ്ങുകയും ടൂറിസ്റ്റുകളെ ആകർഷി ക്കുന്നതിനായി വസ്തുവിന്റെ തെക്കേ അറ്റത്തുനിന്നും കടലിലേയ്ക്ക്

പോകുന്നതിനായി 4 അടി വീതിയിൽ 7 അടി ഉയരത്തിൽ ഭൂമിക്ക് അടിയിലൂടെ ഒരു പാത നിർമ്മിക്കുന്ന പണി 5 മാസം മുമ്പ് ആരംഭിക്കുകയും ചെയ്തു. പ്രസ്തുത തുരങ്കത്തിന്റെ നിർമ്മാണ പ്രവർത്തനം ശ്രദ്ധയിൽ പ്പെട്ടപ്പോൾ വർക്കല മുനിസിപ്പാലിറ്റി അധികൃതരെ വിവരം അറിയിച്ചതിനെ ത്തുടർന്ന് മുനിസിപ്പൽ ചെയർമാൻ ഉൾപ്പെടെ സ്ഥലം പരിശോധന നടത്തി നിർമ്മാണ പ്രവർത്തനം നിറുത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാതയുടെ നിർമ്മാണ പ്രവർത്തനത്തിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പോ മുനിസിപ്പൽ അധികൃതരോ അനുമതി നല്കിയിട്ടില്ല. പോലീസ് വിവരം അറിഞ്ഞയുടനെതന്നെ അവിടെ പോയി അനധികൃതമായി നിർമ്മാണ പ്രവർത്തനം നടത്തരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകാനിടയുള്ള ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തന ങ്ങളും നടത്താൻ ഗവൺമെന്റ് അനുവദിക്കുകയില്ല. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗവൺമെന്റ് പ്രവർത്തി ക്കുന്നതാണ്.

(10) <u>പത്രപ്രവർത്തകർക്കും സ്റ്റുഡിയോ ഫോട്ടോഗ്രാഫർമാർക്കും ക്ഷേമനിധി</u>

<u>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:</u> സംസ്ഥാനത്ത് ഏകദേശം പതിനായിര ത്തോളം പത്രപ്രവർത്തകരും വിവിധ ചാനലുകളിലെ ലേഖകൻമാരും പ്രാദേശിക സ്റ്റുഡിയോ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും പ്രവർത്തിച്ചുവരുന്നുണ്ട്. 30 വർഷത്തോളം ലേഖകരായി പ്രവർത്തിച്ച് ഈ രംഗത്തുനിന്ന് വിരമിക്കുന്നവർക്ക് യാതൊരാനുകൂല്യവും ലഭിക്കുന്നില്ല. ഇവരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു ക്ഷേമനിധി രൂപീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

തൊഴിലാളി ക്ഷേമനിധി ബിൽ 18–9–2006–ന് നിയമസഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കും പരിശോധനയ്ക്കും അയച്ചിരിക്കുകയാണ്. പ്രസ്തുത ബില്ലിന്റെ നിർവചനം 2(ജി) പ്രകാരം സ്റ്റുഡിയോകളിൽ ജോലി ചെയ്യുന്ന വീഡിയോ, സ്റ്റിൽ ഫോട്ടോഗ്രാഫർമാരും ഈ മേഖലയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ ബില്ലിന്റെ പരിധിയിൽ വരുന്നുണ്ട്. അതുകൊണ്ട് ഇവർക്ക് പ്രത്യേകമായി ക്ഷേമനിധി രൂപീകരിക്കേണ്ട ആവശ്യമില്ല. പ്രാദേശിക പത്രപ്രവർത്തകർ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നവർ അല്ല. ഈ വിഭാഗങ്ങൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. പത്രപ്രവർത്തക സംഘടനകളുടെ അപേക്ഷ ലഭിച്ചാൽ അവരുമായി ആലോചിച്ച് തീരുമാനമെടുക്കാം.

(11) <u>വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ വൈദ്യ പരിശോധന</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: തൃശൂർ പോലീസ് അക്കാഡമിയിൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ ഇന്റർവ്യൂവിന് ഹാജരായ ഉദ്യോഗാർത്ഥികളെ വൈദ്യ പരിശോധന നടത്തിയ പുരുഷ ഡോക്ടർ നഗ്നരാക്കി നടത്തിയെന്നത് സാംസ്ക്കാരിക കേരളത്തിനാകെ അപമാനകരമായ സംഭവമാണ്. ഇതിനെതിരെ വനിതാ കോൺസ്റ്റബിൾമാർ പ്രതിഷേധം രേഖപ്പെടുത്തിയെന്നാണ് അറിയുന്നത്. മേലിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയും ഈ ഡോക്ടർക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> വനിതാ പോലീസ് കോൺസ്റ്റബിൾ ആയി സെലക്ഷൻ കിട്ടുന്നതിന് ഫിസിക്കൽ ടെസ്റ്റ് കഴിഞ്ഞ ഉദ്യോഗാർത്ഥികളെ നിലവിലുള്ള

നിയമമനുസരിച്ച് മെഡിക്കൽ എക്സാമിനേഷൻ നടത്തേണ്ടതുണ്ട്. അതുപ്രകാരം കെ.എ.പി. ഒന്നാം ബറ്റാലിയനിൽ തെരഞ്ഞെടുക്കുന്നതിനായി 51 വനിതാ ഉദ്യോഗാർത്ഥികളെ 28–9–2006–ന് വൈദ്യ പരിശോധനയ്ക്ക് നിശ്ചയിച്ചിരുന്നതിൽ 40 പേർ ഹാജരാകുകയുണ്ടായി. ഇതിനായി നിയമി ച്ചിട്ടുള്ള മെഡിക്കൽ ബോർഡിൽ 3 ഡോക്ടർമാർ ഉള്ളതിൽ ഗൈനക്കോളജിസ്റ്റായ ഒരു വനിതാ ഡോക്ടറും ഒരു വനിതാ നഴ്സും ഉണ്ടായിരുന്നു.വനിതകളെ ടെസ്റ്റ് നടത്തിയത് വനിതാ ഗൈനക്കോളജി സ്റ്റാണ്. ഉദ്യോഗാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ മുൻകാല സർജറി നടത്തിയതു സംബന്ധിച്ചുള്ള ലക്ഷണങ്ങളോ വെരിക്കോസ് വെയിൻ സംബന്ധമായ അസുഖങ്ങളോ അസ്ഥി വൈകല്യങ്ങളോ ഉണ്ടോ എന്ന് അറിയുന്നതിന് ശരീരം പൂർണ്ണമായും പരിശോധിക്കുക എന്ന സംപ്രദായപ്രകാരം ബ്ലൗസും സാരിയും മാറ്റുന്നതിന് നിർദ്ദേശിച്ചിരുന്നു. മെഡിക്കൽ ബോർഡ് പരിശോധന നടത്തി 3 പേരെ അയോഗ്യരാക്കുകയും ബാക്കിയുള്ളവരെ തെരഞ്ഞെടു ക്കുകയും ചെയ്തു. പരിശോധന നടത്തിയ ഡോക്ടർമാർ മോശമായി പെരുമാറിയതായി ആരിൽനിന്നും പരാതി ലഭിച്ചിട്ടില്ല. പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എ.പി. ഒന്നാം കമാൻഡന്റ് അന്വേഷണം നടത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള പരിശോധനാരീതി യിൽനിന്നും വ്യത്യസ്തമായിട്ടാണോ നടത്തിയത് എന്ന് പരിശോധി ക്കുവാൻ പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ നിലവിലുള്ള നിയമങ്ങളെക്കുറിച്ച് പരിശോധി ക്കുവാനും ഇത്തരത്തിലുള്ള സംപ്രദായങ്ങളിൽ പുന:ക്രമീകരണം വരുത്താനും നമ്മുടെ സംസ്ക്കാര

ത്തിന് യോജിക്കാത്ത വിധത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻ ചാണ്ടി): വസ്ത്രങ്ങൾ മാറ്റി പരിശോധന നടത്തുന്നത് നിയമപരമായിട്ടുള്ള നടപടിക്രമമാണ്. അത്തരം പരിശോധന വനിതാ ഡോക്ടറെക്കൊണ്ടുമാത്രമേ നടത്താവൂവെന്നും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി സഭയ്ക്ക് ഉറപ്പ് നല്കണം. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഗവൺമെന്റ് പ്രസ്തുത വിഷയം സംബന്ധിച്ച് അതീവ ഗൗരവത്തോടുകൂടിയാണ് അന്വേഷിച്ചത്. മുൻ കാലങ്ങളിലുള്ള വൈദ്യ പരിശോധനാരീതിയെക്കുറിച്ച് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം മേലിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നും ഈ രീതിയിൽ വൈദ്യ പരിശോധന നടത്താൻ അനുവദിക്കുകയില്ലെന്നും വനിതാ ഉദ്യോഗാർത്ഥികളെ വൈദ്യ പരിശോധന നടത്തുന്നതിന് വനിതാ ഡോക്ടറെത്തന്നെ നിയോഗിക്കുന്നതാണെന്നും ഉറപ്പുനല്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നിയമതടസ്സമുണ്ടെങ്കിൽ നിയമം ഭേദഗതി ചെയ്യുന്നതുമാണ്.

### (12) ബൈജുവിന്റെ മരണം

ശ്രീ.കെ.ബാബു: കോതമംഗലം താലൂക്കിൽ പിണ്ടിമന പഞ്ചായത്തിൽ കുട്ടിശ്ശേരികുടി വീട്ടിൽ മാത്തൻ മകൻ ബൈജുവിനെ 3–10–2006–ന് വൈകുന്നേരം എക്സൈസുകാർ ഓടിക്കുകയും ഭൂതത്താൻകെട്ട് ഡാമിന്റെ

ക്യാച്ച്മെന്റ് ഏരിയയിൽ അദ്ദേഹം ചാടുന്നതു കണ്ടിട്ട് അവർ തിരികെ പോരുകയുമുണ്ടായി. ഇന്ന് ആ യുവാവിന്റെ മൃതദേഹം കിട്ടിയിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കിരൺപാറ വില്ലേജിൽ ചെങ്കര സ്വദേശി കുട്ടിശ്ശേരികുടിയിൽ പരേതനായ മാത്തൻ മകൻ കുറുപ്പെന്നു വിളിക്കുന്ന 28 വയസ്സുള്ള ബൈജുവാണ് മരണപ്പെട്ടത്. എറണാകുളം ജില്ലയിൽ കോതമംഗലം എക്സൈസ് റെയ്ഞ്ചിൽനിന്നും ഒരു പ്രിവന്റീവ് ഓഫീസറും 7 എക്സൈസ് ഗാർഡുകളും കൂടി ഭൂതത്താൻകെട്ട് റിസർവോയറിന്റെ വശത്തുള്ള കോട പിടിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് രണ്ട് മണിയോടുകൂടി പോയിരുന്നുവെങ്കിലും കോട പിടിക്കുവാൻ കഴിഞ്ഞില്ല. വൈകുന്നേരം 6 മണിയോടുകൂടി അവർ ഓഫീസിൽ തിരിച്ചെത്തി. പെരിയാറിനോട് ചേർന്ന പുഴയിൽ വീണാണ് ബൈജു എന്ന യുവാവ് മരണപ്പെട്ടത്. ഇന്നലെ വൈകുന്നേരം തന്നെ ഫയർഫോഴ്സ് മൃതദേഹം കണ്ടെടുത്തിട്ടുണ്ട്. അവിടെയുള്ള ഒരു നാട്ടുകാരനെയും കൂട്ടിയാണ് എക്സൈസ് പാർട്ടി റെയ്ഡ് നടത്താൻ പോയത്. എക്സൈസ് പാർട്ടിയോ ഈ നാട്ടുകാരനോ ഇന്നലെ ബൈജുവിനെ കണ്ടിട്ടില്ല. അതുകൊണ്ട് എക്സൈസുകാർ ഓടിച്ചിട്ടാണ് അയാൾ വെള്ളത്തിൽ വീണതെന്നുള്ളത് ശരിയല്ല. ഇതു സംബന്ധിച്ച് കോതമംഗലം പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു

**റിപ്പോർട്ട് സമർപ്പണം**

(1) 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച നയരേഖയും മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും (578,26,84,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (47,50,00,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥ

നയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു

സർവ്വശ്രീ ജോർജ് മേഴ്സിയർ, കെ.സി. വേണുഗോപാൽ, പി.സി. വിഷ്ണുനാഥ്, വി.ഡി. സതീശൻ, കെ.സി. ജോസഫ്, എം. മുരളി, ടി.എൻ. പ്രതാപൻ, എം.എ. വാഹീദ്, എം. ഉമ്മർ, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, വി.കെ. ഇബ്രാഹിം കുഞ്ഞ്, തോമസ് ചാഴികാടൻ, തോമസ് ചാണ്ടി, കെ. ബാബു, എ.പി. അനിൽ കുമാർ, തേറംപിൽ രാമകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, ജോസഫ് എം. പുതുശ്ശേരി.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചിക്കുൻ ഗുനിയ പകർച്ചപ്പനി സംബന്ധിച്ച് സഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോൾ വളരെ നിരുത്തരവാദപരമായ സമീപനമാണ് ബന്ധപ്പെട്ട മന്ത്രി കൈക്കൊണ്ടത്. ചിക്കുൻ ഗുനിയ പനി പടർന്നു പിടിച്ചതോടുകൂടി ചേർത്തലയിൽനിന്നും ആളുകൾ പലായനം ചെയ്യുകയാണ്. അവിടെ ജനങ്ങൾക്ക് ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണിപ്പോൾ. വളരെ ഗൗരവത്തോടുകൂടി ഈ പ്രശ്നത്തെക്കുറിച്ച് ആലോചിച്ചിരുന്നുവെങ്കിൽ നിയന്ത്രിക്കുവാൻ കഴിയുമായിരുന്നു. ഈ രോഗംമൂലം 74 പേർ മരണമടഞ്ഞിട്ടും നിസ്സംഗതയോടുകൂടിയാണ് ആരോഗ്യവകുപ്പ് ഈ പ്രശ്നത്തെ കാണുന്നത്. ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതും ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞതും പരസ്പര വിരുദ്ധമാണ്. മുഖ്യമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പുകൾ പാലിച്ചിട്ടില്ല.

ഉദ്യോഗസ്ഥർ ഉത്തരവ് പാലിച്ചില്ലെങ്കിൽ അവർക്കെതിരെ നടപടി യെടുക്കണം. ഈ രോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഈ രോഗത്തിന് അനുയോജ്യമായ മരുന്ന് ചേർത്തല താലൂക്കാശുപത്രിയിൽ ഇതുവരെ കൊടുത്തിട്ടില്ല. പ്രതിരോധ നടപടികൾ അപര്യാപ്തമാണ്. കാര്യമായ ഒരു നടപടിയും ചെയ്തിട്ടില്ല. ഈ രോഗത്തിനെതിരെ എന്താണ് ചെയ്യേണ്ടതെന്ന് അറിയാതെ ആരോഗ്യ വകുപ്പ് ഇപ്പോഴും പകച്ചുനിൽക്കുകയാണ്. ഇന്നത്തെ ഗുരുതരമായ അവസ്ഥയ്ക്ക് ഉത്തരവാദി ഈ ഗവണ്മെന്റാണെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. പി. ജയരാജൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുജനാരോഗ്യ രംഗത്ത് വളരെ ഫലപ്രദമായിട്ടുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ മേഖലയെ തകർത്തെറിഞ്ഞ ഒരു ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റേത്. ഈ ഗവണ്മെന്റ് വ്യക്തമായ ലക്ഷ്യബോധത്തോടു കൂടിയുള്ള കർമ്മ പരിപാടികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊതുജനാരോഗ്യ വകുപ്പ് ഭരിച്ച് സ്വന്തം കീശ വീർപ്പിക്കാനാണ് കഴിഞ്ഞ ഗവണ്മെന്റ് ശ്രമിച്ചത്. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യു.ഡി.എഫ്. ഗവണ്മെന്റ് പൂട്ടുകയാണ് ചെയ്തത്. ആ കാലത്ത് സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയോ സ്റ്റാഫിനെയോ നിയമി ച്ചിരുന്നില്ല എന്നുമാത്രമല്ല പകർച്ചവ്യാധികൾക്ക് വേണ്ടത്ര പ്രതിരോധ നടപടികളും ചെയ്തിരുന്നില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കൊതുകു കളെ നശിപ്പിക്കുന്നതിന് മൽസ്യക്കുഞ്ഞുങ്ങളെ വളർത്തിയ പദ്ധതിയുടെ സ്ഥിതിയെന്തായിയെന്ന് പരിശോധിക്കണം. കഴിഞ്ഞ 5 വർഷക്കാലം കൊതുകുകളുടെ വ്യാപനവും പകർച്ചപ്പനിയും തടയുന്നതിന് ഫലപ്രദമായ

യാതൊരു നടപടിയും കൈക്കൊണ്ടില്ല. ചിക്കുൻ ഗുനിയ പോലുള്ള രോഗങ്ങൾ തടയുന്നതിന് കൊതുകുകളെ ഇല്ലാതാക്കുകയാണ് ഫലപ്രദമായ മാർഗ്ഗം. ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുമെന്നു പ്രഖ്യാപിച്ച 50 ലക്ഷം രൂപ കഴിഞ്ഞ ഗവണ്മെന്റ് കൊടുക്കാത്തതിനാൽ ആ ഇൻസ്റ്റിറ്റ്യൂട്ട് പൂട്ടി. ഈ ഗവണ്മെന്റ് ജനപ്രതിനിധികളുടേയും ജനങ്ങളുടേയും സഹകരണ ത്തോടുകൂടി പകർച്ചപ്പനിക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും രോഗപ്രതിരോധ നടപടികൾക്കായി ഫണ്ട് അനുവദിക്കുകയും ചെയ്തു. 500 കൊതുകുവലകൾ കൊടുക്കുകയും 30 പി.ജി. ഡോക്ടർമാരെ ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്ന് ചേർത്തലയിലേയ്ക്ക് അയയ്ക്കുകയും ജില്ലാ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അടച്ചു പൂട്ടിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ തുറക്കുന്നതിന് ഈ ഗവണ്മെന്റിനു കഴിഞ്ഞു. ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന വസ്തുത നിഷേധിക്കാനാവില്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് അനുവദിച്ച തുകയിൽ എത്ര ചെലവഴിച്ചുവെന്ന് പരിശോധിക്കണം. പൊതുജനാരോഗ്യ മേഖലയിലെ സ്വകാര്യവൽക്കരണത്തിന് തടയിടുന്നതിന് ഈ ഗവണ്മെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. പൂജപ്പുരയിലെ പഞ്ചകർമ്മ ആശുപത്രിക്ക് രണ്ട് കോടി രൂപയാണ് ഈ ഗവണ്മെന്റ് അനുവദിച്ചത്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ വികസനത്തിന് കേന്ദ്രത്തിൽനിന്നും സഹായം ലഭ്യമാക്കുന്നതിന് പുതിയ പദ്ധതി സമർപ്പിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ ലഭിക്കുന്നതാണ്.

കോഴിക്കോട് മാതൃ ശിശു ആരോഗ്യ കേന്ദ്രത്തിന് 50 കോടി രൂപയുടെ പ്രത്യേക പദ്ധതി പ്രാവർത്തികമാക്കാൻ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1992–ൽ നിർമ്മാണ പ്രവർത്തനമാരംഭിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന് ഒൻപതര കോടി രൂപ കൊടുത്ത് പ്രവർത്തനമാരംഭിച്ചു. മെഡിക്കൽ കോളേജിലെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് 4 കോടി രൂപ അനുവദിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.ഫാം. കോഴ്സിനുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണമായും വണ്ടാനം മെഡിക്കൽ കോളേജ് കോംപ്ളക്സി ലേയ്ക്ക് മാറ്റുന്നതിനായി 4 കോടി രൂപയും സംസ്ഥാനത്തെ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും 20 ലക്ഷം രൂപ വീതവും അനുവദിച്ചു. എല്ലാ നിയോജകമണ്ഡലങ്ങളിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ മാതൃകാ ആശുപത്രികളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. മുടങ്ങിക്കിടന്ന ഹാർട്ട് സർജറി, ബ്രെയിൻ സർജറി ഉൾപ്പെടെ 5 രോഗ ങ്ങൾക്ക് പരമാവധി ചികിൽസാസഹായം നൽകിവന്ന പദ്ധതിയുടെ ഭരണ സമിതി വിളിച്ചുചേർക്കുകയും 450 പേർക്ക് ചികിൽസാസഹായം കൊടുക്കുകയും ചെയ്തു. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്ന ങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളേയും ജനങ്ങളേയും യോജിപ്പിച്ചു കൊണ്ടുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പകർച്ചപ്പനി തടയുന്നതിനും സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തു ന്നതിനുമുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളിൽ നിന്നും പിന്നോട്ടുപോയിരിക്കുന്നു. ജനങ്ങളേയും ഗവണ്മെന്റിനേയും തെറ്റിദ്ധരിപ്പിക്കുന്നവിധം ഉദ്യോഗസ്ഥരുടെ കൈയിലാണ് ആരോഗ്യ വകുപ്പ് എത്തപ്പെട്ടിരിക്കുന്നത്. ചിക്കുൻ ഗുനിയയ്ക്കെതിരെയുള്ള പ്രതിരോധ നടപടികളാരംഭിച്ചിട്ട് രണ്ടുമൂന്ന് ദിവസങ്ങളേ ആയിട്ടുള്ളൂ. ചിക്കുൻ ഗുനിയ ബാധിച്ച് 74-ലേറെ ആളുകൾ മരിക്കുകയും 35,000-ലധികം പേർ ആശുപത്രി യിൽ ചികിൽസയിലുമാണ്. മറ്റു സംസ്ഥാനങ്ങളിൽ ചിക്കുൻ ഗുനിയയ്ക്ക് നല്ല ചികിൽസ ലഭിക്കുന്നതുകൊണ്ട് ആരും മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ രോഗംമൂലം ജനങ്ങൾ ആശങ്കയിലും ഭീതിയിലുമാണ്. കേരളത്തിലെ ടൂറിസവും അവതാളത്തിലായിരിക്കുകയാണ്. യു.ഡി.എഫ്.ന്റെ കാലത്ത് കൊതുകുകളെ കൊല്ലാൻ നടപടി സ്വീകരിച്ചില്ല എന്നു പറഞ്ഞത് പരിശോധിക്കണം. എല്ലാ ദിവസവും കൊതുകുകളെ നശിപ്പിച്ചാൽ മാത്രമേ അവ പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ കഴിയൂ. ചിക്കുൻ ഗുനിയ സംബന്ധിച്ച് ഗവണ്മെന്റ് എടുത്ത നിലപാടുകളിൽ ജനങ്ങൾക്ക് എതിർപ്പും ആശങ്കയും വിമർശനങ്ങളുമുള്ളതിനാൽ ഗവണ്മെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ചിക്കുൻ ഗുനിയ ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് പ്രഖ്യാപിച്ച ആശ്വാസ നടപടികൾ നടപ്പിലാക്കണം. ആലപ്പുഴ യിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും തിരുവനന്തപുരത്തും കൊച്ചിയിലും ഓരോ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ചെയ്യണം.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ലോകശ്രദ്ധ ആകർഷിച്ച

താണ്. മെച്ചപ്പെട്ട ആരോഗ്യ സുരക്ഷാ സംവിധാനത്തിന്റെ ഫലമായി കേരളത്തിൽ ശിശുമരണ നിരക്കും പ്രസവത്തെത്തുടർന്നുള്ള മരണ നിരക്കും കുറയ്ക്കാനും വിവിധ മേഖലകളിൽ നേട്ടം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷം ആരോഗ്യ മേഖലയിലും സേവന മേഖലയിലും ആവശ്യത്തിന് പണം വിനിയോഗിക്കാത്തതിന്റെ ഫലമായി സംസ്ഥാനം വലിയ വെല്ലുവിളി നേരിടുകയാണ്. ആരോഗ്യ വകുപ്പിന്റെ നിസ്സംഗതമൂലം കേരളത്തിൽനിന്ന് നിർമ്മാർജ്ജനം ചെയ്തിരുന്ന പകർച്ചവ്യാധികൾ പലതും തിരിച്ചുവരികയാണ്. ആരോഗ്യ മേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയിരുന്നില്ല. ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്ന കാര്യത്തിൽ ഗൗരവമായ പരിഗണന ലഭിച്ചിരുന്നില്ല. ഇക്കാര്യങ്ങളിൽ ഈ ഗവൺമെന്റ് കാര്യക്ഷമമായ നടപടി സ്വീകരിക്കുന്നുണ്ട്. ആലപ്പുഴയിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഫലപ്രദമായ ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്. ഇന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം കൂടുകയാണ്. ലോകാരോഗ്യ സംഘടന യുടെ പ്രതിനിധികൾ സംസ്ഥാനത്ത് വരുന്നുണ്ട്. എല്ലാപേരുടെയും സഹായത്തോടെ മാരകമായ ഈ രോഗത്തെ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആലപ്പുഴ മേഖലയിൽ സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി മാലിന്യങ്ങൾ നീക്കം ചെയ്യാൻ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകണം. ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇനിയും പ്രവർത്ത നങ്ങൾ ആവശ്യമാണ്. കയർ മേഖലയിൽ ക്ഷേമനിധിയിൽ അംഗങ്ങളായി ട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകുമെന്ന് പ്രഖ്യാപിച്ചതുപോലെ ജനക്ഷേമകരമായ ഒട്ടേറെ നടപടികൾ ഇനിയും കൊണ്ടുവരണം.

എൻഡോസൾഫാൻ ബാധിത മേഖലയിലെ ജനങ്ങളുടെ ചികിൽസയ്ക്കായി കഴിഞ്ഞ സർക്കാർ അനുവദിച്ച പണം എന്തു ചെയ്തുവെന്ന് ഈ ഗവൺമെന്റ് ഗൗരവമായി അന്വേഷിക്കണം. ആവശ്യത്തിന് മരുന്നുകൾ വാങ്ങുന്നതിന് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കണം. ആയുർവ്വേദ-ഹോമിയോ ആശുപത്രികളുടെ സേവനം ലഭ്യമാക്കണം. മലയോര മേഖലയിലെ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടി ഉണ്ടാകണം. ജില്ലാ ആശുപത്രികളിൽ ആവശ്യത്തിന് ടെക്നീഷ്യൻമാർ ഇല്ലാത്തതിനാൽ സാങ്കേതിക സഹായത്തോടെയുള്ള ചികിൽസ ലഭിക്കുന്നില്ല. അത്തരം ഒഴിവുകൾ നികത്തി മെച്ചപ്പെട്ട ചികിൽസാസൗകര്യം ഏർപ്പെടുത്തണം. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ടെക്നീഷ്യന്റെ ഒഴിവ് നികത്താത്തതുകൊണ്ട് ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ആയിരക്കണക്കിന് ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനായി ലക്ഷക്കണക്കിന് രൂപ ഓരോ വർഷവും ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. ഈ വിദ്യാർത്ഥികളുടെ പഠനം പൂർത്തിയാകുമ്പോൾ ഗ്രാമ പ്രദേശങ്ങളിലടക്കമുള്ള ആശുപത്രികളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഭാവിയിൽ പുതിയ ഡോക്ടർമാരെ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് ആകർഷിക്കുന്നതിന് സേവന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം. ഒട്ടേറെ നല്ല കാര്യങ്ങൾ ആരോഗ്യ മേഖലയിൽ ഈ സർക്കാർ ചെയ്തിട്ടുണ്ട്.

ജില്ലാ-ബ്ളോക്ക്-ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്തി ആരോഗ്യ രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കാൻ ഗവൺമെന്റും വകുപ്പു മന്ത്രിയും നടപടി സ്വീകരിക്കണം. കഴിഞ്ഞ കാലങ്ങളിൽ ആരോഗ്യ മേഖല അഴിമതിക്ക് വിധേയമായിട്ടുണ്ട്. അഴിമതിക്കെതിരെ കർശന നടപടി സ്വീകരിച്ചുകൊണ്ട് ആരോഗ്യ രംഗം സംശുദ്ധമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാഴികാടൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചിക്കുൻ ഗുനിയമൂലം കേരളത്തിൽ 71 പേർ മരിച്ചതായാണ് റിപ്പോർട്ട്. ആരംഭ ഘട്ടത്തിൽ ഇത് ഗൗരവമായി കണ്ട് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഇന്നത്തെ സ്ഥിതി ഉണ്ടാകുമായിരുന്നില്ല. കേരളത്തിൽ ചിക്കുൻ ഗുനിയ രോഗം പടർന്നിട്ട് നാല് മാസമായി. ഇതിന്റെ പ്രാരംഭ ഘട്ടത്തിൽ കോവളത്ത് മൂന്നുനാല് പേർ മരിച്ചപ്പോൾ പാരാമെഡിക്കൽ സ്റ്റാഫിനെക്കൊണ്ട് ശുചീകരണം നടത്തിയതുമൂലം അവിടെ ഈ രോഗം പിന്നീട് മൂർച്ഛിച്ചില്ല. ആലപ്പുഴ, ചേർത്തല ഭാഗങ്ങളിൽ ഈ രോഗം കണ്ടപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നത് പ്രതിപക്ഷമാണ്. യഥാർത്ഥ വസ്തുതകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ആരോഗ്യ വകുപ്പുമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചുവെന്നു് പറയുന്നു. സാഹചര്യങ്ങളുടെ പ്രാധാന്യം കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുജനാരോഗ്യം മെച്ചപ്പെടുത്തിയതിന്റെ ഫലമായി വസൂരി, കോളറ, ടൈഫോയിഡ് മുതലായ പകർച്ചവ്യാധികൾ പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചു. കേരളത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാധാന്യം നൽകാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. ഇക്കാര്യ ങ്ങൾക്ക് നേതൃത്വം നൽകാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റിന് ബാധ്യതയുണ്ട്.

വകുപ്പുമന്ത്രി വളരെ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്; അത് പരിഹരിക്കണം. ആലപ്പുഴ ജില്ലയിൽ മാത്രമല്ല പത്തനംതിട്ട, പാലക്കാട്, വയനാട് തുടങ്ങി കേരളത്തിലെ പല പ്രദേശങ്ങളിലും ചിക്കുൻ ഗുനിയ പടർന്നിരിക്കുകയാണ്. ഒട്ടനവധിപ്പേർ മരിക്കാനിടയായ ഭീതിജനകമായ സാഹചര്യമാണ് നിലവിലുള്ളത്. ഇത് തടയുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം. രണ്ട് തരത്തിലുള്ള കൊതുകുകളിലൂടെയാണ് ഈ അസുഖം പകരുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ ഈ അസുഖം പടർന്നുവെങ്കിലും ഒരാൾപോലും മരിക്കാനിടയായില്ല. എന്നാൽ കേരളത്തിലെ സ്ഥിതി അതല്ല. ഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലും പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും 12 ലക്ഷത്തിലേറെപ്പേരുടെ രക്ത സാമ്പിൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.. അവിടെ യഥാസമയം രക്ത പരിശോധന നടക്കുന്നില്ല. ഇപ്പോഴുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തണം. കോട്ടയം കള്കടർ വിളിച്ചുകൂട്ടിയ യോഗത്തിൽ രക്തപരിശോധനയ്ക്ക് ആവശ്യമായ കിറ്റ് ലഭ്യമാണെന്നു പറഞ്ഞുവെങ്കിലും രണ്ട് കിറ്റാണ് കോട്ടയം മെഡിക്കൽ കോളേജിൽ ലഭിച്ചത്. 60 പേരുടെ പരിശോധനയ്ക്ക് അതുകൊണ്ട് കഴിയും. ഒരു കിറ്റിന് 6500 രൂപയേ വിലയുള്ളു. ഒരു ടെസ്റ്റ് നടത്തുന്നതിന് 225 രൂപയേ ചെലവ് വരുന്നുള്ളു. ഇത്തരം കിറ്റുകൾക്ക് ആവശ്യമായ പണം ലഭ്യമാക്കിയാൽ കോട്ടയം മെഡിക്കൽ കോളേജിൽ ടെസ്റ്റ് നടത്താൻ സാധിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾവഴിയുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം സർക്കാർ കണ്ടെത്തി നൽകണം. കലാമിറ്റിയെ നേരിടുന്ന രീതിയിലുള്ള പരിഗണന

ഇക്കാര്യത്തിലും ഉണ്ടാകണം. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തണം. ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവ് പരിഹരിക്കണം. കോട്ടയം മെഡിക്കൽ കോളേജിൽ 750 നഴ്സുമാർ ഉണ്ടെങ്കിലേ സാധാരണയുള്ള പ്രവർത്തനം നടക്കുകയുള്ളു. ആശുപത്രികളുടെ സുഗമമായ പ്രവർത്ത നത്തെ ബാധിക്കാതിരിക്കാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം.

ശ്രീ. മോൻസ് ജോസഫ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പകർച്ചവ്യാധി പടർന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായി ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിച്ചു. രോഗകാരണം കണ്ടുപിടിക്കാൻ കഴിയാത്തത് ഗവൺമെന്റിന്റെ കുഴപ്പംകൊണ്ടല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ച തുകയുടെ മൂന്നിലൊന്നുപോലും ആരോഗ്യ രംഗത്ത് ചെലവഴിച്ചില്ല. സാംക്രമികരോഗ നിയന്ത്രണത്തിനായി 2005-06 വർഷത്തേയ്ക്ക് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ ഗവണ്മെന്റിനെ കുറ്റപ്പെടുത്താൻ പ്രതിപക്ഷത്തിന് ധാർമ്മികമായ അവകാശമില്ല. രക്തസാമ്പിൾ പരിശോധിക്കാനായി മെച്ചപ്പെട്ട ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാകണം. സേവനമനോഭാവത്തോടുകൂടിയാണ് ഈ ഗവണ്മെന്റ് ആരോഗ്യ മേഖലയെ കാണുന്നത്. പാവപ്പെട്ടവരെ ചികിൽസിക്കാനായി സർക്കാർ ആശുപത്രികളെ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. ജീവൻരക്ഷാ മരുന്നുകളുടെ വിലവർദ്ധനവ് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണം. ക്യാൻസർ രോഗികളുടെ എണ്ണം കൂടുന്നത് കണക്കിലെടുത്ത് മദ്ധ്യ-തിരുവിതാംകൂർ കേന്ദ്രമാക്കി ഒരു ക്യാൻസർ സെന്റർ ആരംഭിക്കണം. തിരുവനന്തപുരത്തെ ക്യാൻസർ സെന്റർ വിപുലീകരിക്കുകയും വേണം.

ആയുർവ്വേദ രംഗത്ത് ടൂറിസവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതായി പറയപ്പെടുന്ന അനാരോഗ്യകരമായ പ്രവണതകൾ നിയന്ത്രിക്കണം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ ആരംഭിക്കണം. എല്ലാ താലൂക്കാശുപത്രികളോടനുബന്ധിച്ചും ദന്തരോഗ ചികിൽസാ വിഭാഗം ആരംഭിക്കണം. ആരോഗ്യമേഖലയെ കാര്യക്ഷമമായി മുന്നോട്ടുനയിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് നടത്തുന്ന ശ്രമങ്ങളെ പ്രതിപക്ഷം അംഗീകരിക്കണം.

ശ്രീ. എ.എ. അസീസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചിക്കുൻ ഗുനിയ രോഗത്തെ രാഷ്ട്രീയമായി പന്താടാൻ പ്രതിപക്ഷം ശ്രമിക്കരുത്. ഗുണമേന്മയില്ലാത്ത ഔഷധങ്ങൾ വാങ്ങിക്കൂട്ടിയതിന്റെ പേരിൽ യു.ഡി.എഫ്. ഭരണകാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറെ സസ്പെൻഡ് ചെയ്യേണ്ട അവസ്ഥയുണ്ടായി. പൊതുജനാരോഗ്യ വകുപ്പ് സംശുദ്ധമാക്കാനും പാവപ്പെട്ട ആളുകൾക്ക് ചികിൽസ ലഭിക്കാനുമുള്ള യാതൊരു നടപടിയും കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചില്ല. നിയമരഹിതമായ യാതൊരു കാര്യവും നടത്തുകയില്ലായെന്നുള്ളത് ഈ ഗവണ്മെന്റിന്റെ പ്രഖ്യാപിത നയമാണ്. ആരോഗ്യ വകുപ്പിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കണം. ഡോക്ടർമാർക്ക് ആകർഷകമായ ശമ്പളം നൽകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമനുസരിച്ച് പാവപ്പെട്ടവരെ ചികിൽസിക്കാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏകീകൃതമായ, കാലോചിതമായ, സമഗ്രമായ ഒരു പൊതുജനാരോഗ്യ നിയമം സംസ്ഥാനത്തിനുവേണ്ടി രൂപപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ശുചിത്വമില്ലായ്മയ്ക്ക് പരിഹാരം കാണാനായി ഭക്ഷ്യ

സുരക്ഷിതത്വം ഉറപ്പു വരുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ആരോഗ്യ പരിപാലന രംഗത്ത് ബ്ളോക്ക് തലത്തിൽ ഒരു സി.എച്ച്.സി.-യെ മാതൃകാ ആശുപത്രിയാക്കി മാറ്റുമെന്നുള്ള പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. ക്യാൻസർ രോഗം സാർവ്വത്രികമായി വരുന്ന സാഹചര്യത്തിൽ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെയും വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. 127 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ അഭാവംമൂലം ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതോടൊപ്പം പകർച്ചവ്യാധികൾ നേരിടാൻ നടപടികൾ സ്വീകരിക്കണം. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി പ്രൈമറി ഹെൽത്ത് സെന്ററുകൾ കൂടുതൽ പ്രവർത്തനസജ്ജമാക്കണം. ഉച്ചയ്ക്കുശേഷം ഡോക്ടർമാരില്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. എല്ലാ ആശുപത്രി കളിലും ലബോറട്ടറി, എക്സ്റേ സൗകര്യങ്ങൾ ലഭ്യമാക്കണം. മാലിന്യ ക്കൂമ്പാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നിർമ്മാർജ്ജനം ചെയ്ത് സംസ്ഥാനത്തെ മാലിന്യവിമുക്തമാക്കണം; പകർച്ചവ്യാധികൾ തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. കൊതുക് നിവാരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചത് സ്വാഗതാർഹമാണ്. ട്രഷറി നിയന്ത്രണമില്ലാതെ തുക ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം നൽകണം. കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ളോക്ക്തല ഹെൽത്ത് സെന്ററിൽ ഫാർമസിസ്റ്റുകളുടെ കുറവ് പരിഹരിക്കണം.

ശ്രീ. കെ. പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചിക്കുൻഗുനിയ രോഗം തടയാനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ

സർക്കാരിന്റെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും പ്രവർത്തനം അഭിനന്ദനാർഹമാണ്. ഈ പ്രശ്നത്തെ പ്രതിപക്ഷം രാഷ്ട്രീയമായി പന്താടാതെ ഗവണ്മെന്റുമായി സഹകരിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. ടൂറിസ്റ്റുകൾ സംസ്ഥാനത്തേയ്ക്ക് വരാൻ മടിക്കുന്ന രീതിയിലുള്ള നുണപ്രചരണങ്ങൾ ഒഴിവാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. മാലിന്യനിർമ്മാർജ്ജനം നടത്തി ശുചിത്വകേരളം പദ്ധതി പഞ്ചായത്തുകൾതോറും നടപ്പാക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി പഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുകയും മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൂടുതൽ സഹായങ്ങൾ നൽകുകയും ചെയ്യണം. മെഡിക്കൽ കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്ക് ഒരു വർഷമെങ്കിലും ഗ്രാമീണ മേഖലയിൽ നിർബന്ധ സേവനം ഉറപ്പുവരുത്തണം. ഡോക്ടർമാരുടെ ശമ്പളം 20,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. ബ്ളോക്ക് തലത്തിൽ ഒരു ആശുപത്രിയെ മാതൃകാ ആശുപത്രിയാക്കുമെന്നുള്ള സങ്കൽപ്പം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. ആശുപത്രികളിൽ ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ ഇല്ലായ്മ ചെയ്യുകയും ചികിൽസാ നിർണ്ണയത്തിനും ഓപ്പറേഷനുമുള്ള ഉപകരണങ്ങൾ സൂക്ഷിക്കാൻ ആധുനിക സംവിധാനങ്ങളേർപ്പെടുത്തുകയും വേണം. ആയുർവ്വേദ മരുന്നുകൾ കൂടുതൽ ഉപയോഗിക്കാനും അതുമായി ബന്ധപ്പെട്ട് നല്ല ചികിൽസ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കണം. പഞ്ചായത്തുകൾതോറും ആയുർവ്വേദ ആശുപത്രികളും ഹോമിയോ ആശുപത്രികളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ രംഗത്ത് ലോകത്തിനുതന്നെ മാതൃകയായ കേരളത്തിന്റെ ആരോഗ്യസ്ഥിതി ഇന്ന് പരിതാപകരമാകാനുള്ള അടിസ്ഥാന കാരണം ഇവിടുത്തെ ജലസ്രോതസ്സുകൾ വിഷമയവും മാലിന്യക്കൂമ്പാരങ്ങൾ നിറഞ്ഞവയായതിനാലുമാണ്. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള അടിസ്ഥാന ഉത്തരവാദിത്വം പഞ്ചായത്തുകൾക്കാണ്; അതു നടക്കുന്നില്ല. കേരളത്തിലെ ആശുപത്രികളുടെ സ്ഥിതിയും ശോചനീയമാണ്. കേരളത്തിലെ ആശുപത്രികളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയണം. ജോലിയോട് പ്രതിബദ്ധതയില്ലാത്ത ഡോക്ടർമാരുള്ള സ്ഥലങ്ങളിൽ അവരെ സ്വാധീനിക്കാതെ രോഗികൾക്ക് ആവശ്യമായ ചികിൽസ ലഭ്യമാകുന്നില്ല. ഡോക്ടർമാർക്ക് കൂടുതൽ ശമ്പളം കൊടുത്താൽ ഇതിന് പരിഹാരമാകുമെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കണം. സർക്കാർ ഡോക്ടർമാരെ പ്രൈവറ്റ് പ്രാക്ടീസ് നടത്താൻ അനുവദിക്കരുത്. ഡോക്ടർമാരുടെ കുറവ് ഉടൻ നികത്തണം. ഡോക്ടർമാരുടെ കുറവുള്ള അവസരത്തിൽ നിലവിലുള്ളവർ അവധിയെടുക്കുന്നതിൽനിന്നും അവരെ പിന്തിരിപ്പിക്കണം. അവധി കഴിഞ്ഞ് കൃത്യ സമയത്ത് സർവ്വീസിൽ പ്രവേശിക്കാത്ത ഡോക്ടർമാരെ നീക്കംചെയ്യാനുള്ള നടപടി സ്വീകരിക്കണം. നിർവീര്യമായ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾക്കെതിരെ ക്രിമിനൽ കേസ് എടുക്കണം. സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്ന പാവപ്പെട്ട ആളുകൾക്ക് മതിയായ സൗകര്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ശ്രീ. കെ.സി. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനങ്ങളെ സർക്കാരിന്റെ ആതുര സേവന രംഗത്തുനിന്ന് പൂർണ്ണമായി പിന്തിരിപ്പിച്ച് സ്വകാര്യ ആശുപത്രികളിലേയ്ക്ക് തള്ളിവിടുന്ന സമീപനമാണ്

കഴിഞ്ഞ 5 വർഷമായി യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാർ ജനങ്ങളെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയാണ്. ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തി ആരോഗ്യ മേഖലയെ ഫലപ്രദമാക്കാനും മെഡിക്കൽ കോളേജ്, സി.എച്ച്.സി. തുടങ്ങിയവവഴി കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഡോക്ടർമാരുടേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിട്ട ആശുപത്രികളിൽ സജീവമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം നടത്തുന്നത്. ഔഷധിയുടെ പ്രവർത്തനം ഫലപ്രദമാക്കിയതും രണ്ട് കോടി രൂപ മുടക്കി തിരുവനന്തപുരം പഞ്ചകർമ്മ ചികിൽസാ കേന്ദ്രത്തിന്റെ നവീകരണം നടത്തിയതും ശ്രദ്ധേയമാണ്. ചിക്കുൻഗുനിയ എന്ന പകർച്ചവ്യാധി ഇല്ലായിരുന്നുവെങ്കിൽ പ്രതിപക്ഷം പോലും ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കുന്ന സ്ഥിതിയുണ്ടാകുമായിരുന്നു. നിരവധി ചൂഷണങ്ങൾ ഈ മേഖലയിൽ നടക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നവരെ തിരിച്ചറിഞ്ഞ് കരാറുണ്ടാക്കുമ്പോൾത്തന്നെ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വ്യാജ പരസ്യങ്ങൾവഴി ആളുകൾ വഞ്ചിതരാകുന്നത് കണക്കിലെടുത്ത് ഇത്തരം വ്യാജ പരസ്യങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. രോഗികളിൽനിന്നും ഈടാക്കുന്ന ഫീസ് ഏകീകരിക്കണം. ആശുപത്രി ജീവനക്കാർക്ക് അടിസ്ഥാനയോഗ്യത ഉറപ്പുവരുത്തണം. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജ് നിർബന്ധമാക്കണം. പാരമ്പര്യ വൈദ്യൻമാർക്ക് മതിയായ പരിഗണന കൊടുക്കേണ്ടതാണ്. അവർക്ക് കൊടുക്കുന്ന ഗ്രാന്റ് മണി ഓർഡർ ആയി അയയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. അംഗൻവാടി ജീവനക്കാരെ

സ്ഥിരപ്പെടുത്തുന്നതിനും അവർക്ക് ഇൻസെന്റീവ് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. നാഷണൽ സേവിംഗ്സുമായി ബന്ധപ്പെട്ട് തിരുവനന്ത പുരത്ത് ആർ.സി.സി.യുടെ സഹായത്തോടെ നടത്തുന്ന സഹകരണ ക്യാൻസർ യൂണിറ്റുകൾ മറ്റ് ജില്ലകളിൽക്കൂടി ആരംഭിക്കണം. അഗതി മന്ദിര ങ്ങളിൽ കഴിയുന്നവർക്ക് കൊടുക്കുന്ന ഗ്രാന്റിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഉദാരവൽക്കരിക്കുന്നതിനും ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ആരോഗ്യ രംഗത്ത് കേരളം ലോകത്തിനുതന്നെ മാതൃകയാണെങ്കിലും പത്തനംതിട്ട ജില്ലയ്ക്ക് യാതൊരു പരിഗണനയും ലഭിച്ചിട്ടില്ല. അയ്യപ്പഭക്തൻമാർക്ക് മതിയായ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിന് ശബരിമലയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ശക്തിപ്പെടുത്തുകയും പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ഒരു ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുകയും പെരിനാട് സി.എച്ച്.സി.യിൽ ഡോക്ടർമാരെ നിയോഗിക്കുകയും ശബരിമല സീസൺ തുടങ്ങുന്നതിന് മുമ്പായി റാന്നിയിലെ ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാ രുടെയും ഒഴിവുകൾ അടിയന്തിരമായി നികത്തുകയും കുളനട ആശുപത്രി യിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം. മറ്റ് സംസ്ഥാനങ്ങളിൽ ആയുർവ്വേദ ഡോക്ടർമാർക്ക് അലോപ്പതി ഡോക്ടർമാർക്കുള്ള പരിഗണന കൊടുക്കുന്നതുപോലെ ഇവിടെയും തുല്യത കൊടുക്കണം. പത്തനംതിട്ട ജില്ലാ ആശുപത്രിയിലെ പോരായ്മകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. പത്തനംതിട്ട ജനറൽ ആശുപത്രി കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കണം.

ശ്രീ. ജോർജ് മേഴ്സിയർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഏറ്റവും അധികം സംഭാവന കൊടുക്കേണ്ട ആരോഗ്യരംഗം തകിടംമറിഞ്ഞിരിക്കുകയാണ്. ലോകാരോഗ്യ സംഘടന അംഗീകരിച്ച യൂണിവേഴ്സൽ ചൈൽഡ്ഹുഡ് വാക്സിനേഷൻ റജിം പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ ഡിസേബിൾഡാകാൻ സാദ്ധ്യതയുള്ള തലമുറയെയാണ് സംസ്ഥാനത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതാണ് ഇതിന് പ്രധാന കാരണം. ഹെൽത്ത് സർവ്വീസിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. ചേർത്തലയിലും ആലപ്പുഴയിലുമായി 71 പേരും കോവളത്ത് 5 പേരും ചിക്കുൻ ഗുനിയ ബാധിച്ച് മരിക്കുകയുണ്ടായി. അവിടെ കൊടുത്ത മരുന്നിൽ പ്ളേറ്റ്ലെറ്റ്സിന്റെ അളവ് എത്രയായിരുന്നു എന്നുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തണം. ചിക്കുൻഗുനിയയാണോ ബാധിച്ചത് എന്നറിയാനും ഫലപ്രദമായ ചികിത്സ നടത്താനും ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടില്ല. രോഗ കാരണം കണ്ടുപിടിക്കാനാവശ്യമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കർഷക ആത്മഹത്യ, കസ്റ്റഡിമരണം, ചിക്കുൻഗുനിയ ബാധിച്ചുള്ള മരണം എന്നിവമൂലം ജനങ്ങൾ ഭീതിയിലും ആശങ്കയിലുമാണ്

ശ്രീ വി. ചെന്താമരാക്ഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 5 വർഷക്കാലം കൊണ്ട് ആരോഗ്യ വകുപ്പിനെ ശിഥിലമാക്കിയ പ്രതിപക്ഷത്തിന് പ്രസംഗിക്കാൻ ഇപ്പോൾ ഒരു ചിക്കുൻഗുനിയ മാത്രമാണ് വിഷയമായിട്ടുള്ളത്. കുടുംബശ്രീ സംവിധാനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ അംഗൻവാടികൾ

അനുവദിക്കുകയും വേണം. ബാലവേല നിരോധിക്കണം; ശിശുവികസന വകുപ്പ് രൂപീകരിക്കണം; ഈ രംഗത്ത് ഓംബുഡ്സ്മാൻ, ബാലകോടതികൾ തുടങ്ങിയവ പ്രാവർത്തികമാക്കണം. കുട്ടികൾക്കിടയിൽ വളർന്നുവരുന്ന മയക്കുമരുന്നുപയോഗം നിയന്ത്രിക്കണം. വികലാംഗരായ കുട്ടികൾക്ക് സർക്കാർ സ്കോളർഷിപ്പ് നൽകുന്നതിനെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ സർക്കാർ ദേശീയ കുടുംബ സഹായ നിധിയിലൂടെ ലഭിച്ച 45 കോടി രൂപ വകമാറ്റി ചെലവഴിച്ചതിനെക്കുറിച്ച് അന്വേഷിക്കണം. സർക്കാർ സർവ്വീസിൽ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തണം. 1997–ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ആവിഷ്ക്കരിച്ച വൃദ്ധനയത്തിന്റെ തുടർനടപടികൾ ഉണ്ടാകണം. കൊടുവായൂരിലെ വൃദ്ധസദനത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വനിതാ വികസന കോർപ്പറേഷന്റെയും വനിതാ കമ്മിഷന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം. ആധുനിക ചികിൽസാ സംവിധാനങ്ങൾ ഉപയോഗിച്ച് ആരോഗ്യപരിപാലന രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയണം. പ്രസവാനന്തര മരണവും നവജാത ശിശുക്കളുടെ മരണവും കുറയ്ക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹ മാണ്. വിദഗ്ദ്ധ ചികിൽസാരംഗത്ത് കേരളം വളരെയധികം മുന്നോട്ടു പോയിട്ടുണ്ട് എന്നത് നിഷേധിക്കാനാവില്ല. സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്ന് ലഭ്യമാക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിക്കണം. അലോപ്പതി മേഖലയെ മെച്ചപ്പെടുത്തുന്നതോടൊപ്പം ആയുർവ്വേദ ചികിൽസയ്ക്ക് മുന്തിയ പരിഗണനയും പ്രോൽസാഹനവും നൽകണം. കേരളത്തിൽ വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യ നിയമനിർമ്മാണ

ത്തിലൂടെ തടയണം. എകസ്റേ സെന്ററുകൾ, സ്കാനിംഗ് സെന്ററുകൾ, ക്ളിനിക്കൽ ലാബുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിച്ച് ഫലപ്രദമാക്കണം. പേറ്റന്റ് നിയമത്തിന്റെ മറവിൽ ആയുർവ്വേദത്തിലെ പല വിജ്ഞാനശാഖകളും പാശ്ചാത്യ കമ്പനികൾ സ്വകാര്യസ്വത്താക്കി മാറ്റുന്ന തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. മരുന്ന് വാങ്ങുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിഹരിക്കണം. പുതിയതായി നിയമനം ലഭിക്കുന്ന ഡോക്ടർമാർ ഗ്രാമീണമേഖലയിൽ നിർബന്ധമായും സേവനമനുഷ്ഠിക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കണം. ആരോഗ്യവകുപ്പിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തണം. ആരോഗ്യരംഗത്ത് സ്വകാര്യ മേഖലയെ പ്രോൽസാഹിപ്പിക്കുന്ന പ്രവണത യാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ചിക്കുൻഗുനിയ നിയന്ത്രിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

<u>ശ്രീ. പി. തിലോത്തമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചേർത്തലയിൽ ചിക്കുൻ ഗുനിയ വ്യാപിച്ചുകൊണ്ടിരിക്കെ അവിടത്തെ യഥാർത്ഥ ചിത്രം വരച്ചു കാണിക്കാൻ സ്ഥലം എം.എൽ.എ. എന്നുള്ള നിലയ്ക്ക് എനിക്ക് ധാർമ്മിക ബാദ്ധ്യതയുണ്ട്. ചേർത്തലയിലെ പ്രൈമറി ഹെൽത്ത് സെന്ററിലും താലൂക്ക് ആശുപത്രിയിലും ആയുർവ്വേദ-ഹോമിയോ ആശുപത്രികളിലുമായി മുപ്പതിനായിരത്തോളം രോഗികൾ ചികിൽസയി ലാണ്. രോഗത്തിന് ആദ്യനാളുകളിൽ കണ്ടുവന്നിരുന്ന തീവ്രത അൽപം കുറഞ്ഞിട്ടുണ്ടെങ്കിലും രോഗം വ്യാപിക്കുമെന്ന ആശങ്കയുളവാക്കുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. രോഗം ഭേദമായി ഒരു മാസം കഴിഞ്ഞാലും ജോലിക്ക് പോകാൻ വയ്യാത്ത അവസ്ഥയിലാണ് ആളുകൾ. ഈ ദുരന്തത്തെ അതിജീവിക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ

എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്ത് പടർന്നുപിടക്കുന്ന മാരകമായ രോഗങ്ങൾ ആദ്യം ബാധിക്കുന്നത് ആലപ്പുഴ ജില്ലയെയാണ്. പുഴകളും കുളങ്ങളും തോടുകളും കൊണ്ട് സമ്പന്നമായ ചേർത്തല പ്രദേശം ഇന്ന് മലിനമാണ്. കൊതുകുകൾ പെരുകുന്ന ഇന്നത്തെ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി വളരെ വ്യാപകമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. മാരകമായ ഈ രോഗം കണ്ടുതുടങ്ങിയപ്പോൾത്തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അവിടെ എല്ലാ ആതുരാ ലയങ്ങളും ശക്തമാക്കാൻ നടപടി സ്വീകരിച്ചു. ചേർത്തല താലൂക്കിലെ എല്ലാ പി.എച്ച്.സി.കളും തുറന്നു പ്രവർത്തിപ്പിച്ചു. വർഷങ്ങളായി പൂട്ടിയിട്ടിരുന്ന ചേർത്തലയിലെ തൈക്കാട്ടുശ്ശേരി ആശുപത്രി തുറന്നു പ്രവർത്തിപ്പിച്ചു. തണ്ണീർമുക്കം പി.എച്ച്.സി.യിൽ ഐ.പി.വിഭാഗം ആരംഭിച്ചു. സി.എച്ച്.സി. ഏറ്റവും നല്ല ഒരാശുപത്രിയാക്കാൻ പരിശ്രമിച്ചു വരുന്നു. വെളിയിൽനിന്ന് ഡോക്ടർമാരെയും മറ്റു സ്റ്റാഫിനേയും കൊണ്ടുവന്ന് എല്ലാ ആശുപത്രികൾക്കാവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കി. ചേർത്തലയിൽ 111 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. അവിടെ പ്രയാസമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും സഹായമുണ്ടാകണം. രണ്ടാഴ്ചത്തെ സൗജന്യ റേഷനും അസുഖംമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 25,000 രൂപ വീതം ധനസഹായവും പ്രഖ്യാപിച്ചു. ഐ.സി.എം.ആർ.ന്റെ കീഴിൽ ചേർത്തലയിൽ പ്രവർത്തിച്ചിരുന്ന വി.സി.ആർ.സി.യുടെ പ്രവർത്തനം തിരിച്ചുകൊണ്ടു വരാനാവശ്യമായ നടപടി സ്വീകരിക്കണം. കർഷകത്തൊഴിലാളികളും മത്സ്യ ത്തൊഴിലാളികളും കയർത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ചേർത്തല

യിലെ ഏറ്റവും പ്രധാനപ്പെട്ട റഫറൽ ആശുപത്രിയായ ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ കുറവുകൾ പരിഹരിക്കണം. അവിടെ കാഷ്വാലിറ്റി ബ്ലോക്ക് പ്രത്യേകമായി അനുവദിക്കണം. അവിടെയുള്ള പി.എച്ച്. സെന്ററുകളുടെ കുറവുകൾ പരിഹരിക്കണം. രോഗപ്രതിരോധ പ്രവർത്തന ത്തിന് ഹോമിയോ ഡിസ്പെൻസറികളുടെ സൗകര്യം വർദ്ധിപ്പിക്കണം. ആലപ്പുഴ ജില്ലയിൽ പൊതുവായി അനുഭവപ്പെടുന്ന തീരാദുരിതത്തിന് അറുതിവരുത്താനാവശ്യമായ സഹായം ചെയ്യാൻ എല്ലാവരും തയ്യാറാകണം.

ശ്രീ. തോമസ് ചാണ്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുട്ടനാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ഉൾപ്പെടെ പുളിങ്കുന്ന്, കാവാലം, ചമ്പക്കുളം, തലവടി, വെളിയനാട് തുടങ്ങി എല്ലായിടത്തും ചിക്കുൻ ഗുനിയ ബാധിച്ച് രോഗികൾ ചികിൽസയിലാണ്. അവിടെയുള്ള ആശുപത്രികളിൽ ഡോക്ടർമാരില്ല എന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വളരെ നാളുകളായി ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരി ക്കണം. അശാസ്ത്രീയമായി റോഡുകളും പാലങ്ങളും വന്നതോടുകൂടി തോടുകൾ ബ്ലോക്കായി നീരൊഴുക്ക് ഇല്ലാതെ പോളയും പായലും കൊണ്ട് നിറഞ്ഞിരിക്കുന്നു. അവ ശുചിയാക്കുകയും കൊതുകുകളെ നിവാരണം ചെയ്യുന്നതിനാവശ്യമായ ഫോഗിംഗ് മെഷീൻ നൽകുകയും ചെയ്യണം. ചിക്കുൻ ഗുനിയയ്ക്ക് പരിഹാരം കാണുന്നതിന് കൂടുതൽ ഫണ്ട് അനുവദി ക്കണം.

ശ്രീ. സാജു പോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ അഞ്ച് വർഷവും ആതുരശുശ്രൂഷാ രംഗത്ത് പ്രത്യേകമായ ഒരു സംവിധാനവും ഉണ്ടാക്കിയിരുന്നില്ല. ശാരീരികാസുഖങ്ങളെ പരിഗണി

ക്കുന്നതോടൊപ്പം മാനസിക രോഗങ്ങളെക്കുറിച്ചും ഗൗരവമായി ആലോചിക്കുകയും അതിനെക്കുറിച്ച് പഠിക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യണം. സാമൂഹ്യ പ്രതിബദ്ധത നിറവേറ്റത്തക്കവിധത്തിൽ സമഗ്രമായ ഒരു മെഡിക്കൽ ബില്ലിന് രൂപം കൊടുക്കണം. ഹെൽത്ത് മാനുവൽ പുതുക്കണം. ഡോക്ടർമാരെക്കൊണ്ട് കൃത്യമായി ജോലി ചെയ്യിപ്പിക്കണം. മെഡിക്കൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം. പൊതുജനാരോഗ്യ മേഖലയിലെ ഔഷധ നയത്തിന്റെ അഭാവം, വിലനിലവാരത്തിൽ വന്നിട്ടുള്ള വ്യത്യാസങ്ങൾ തുടങ്ങിയവ പരിഹരിക്കണം. എം.ജി.പി.യുടെ ഭാഗമായി കേരളത്തിലെ ആശുപത്രികളിൽ പൂർത്തീകരിക്കപ്പെടാത്ത ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ഹോം നഴ്സിംഗ് മേഖലയിൽ യോഗ്യതയുള്ളവർക്ക് നിയമനം നൽകണം. പോളിയോ വാക്സിനേഷന്റെ വിശ്വാസ്യതയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. എറണാകുളം ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കണം. വികലാംഗ കോർപ്പറേഷന്റെ പ്രശ്നങ്ങൾ, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിലെ ക്രമക്കേട്, വനിതാ വികസന കോർപ്പറേഷൻ, ഓർഫനേജ്, കൺട്രോൾ ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങളിലെ പാളിച്ചകൾ, അനധികൃത സ്ഥാപനങ്ങളുടെ പ്രവർത്തനം, പൊല്യൂഷൻ കൺട്രോൾ ബോർഡിനെ സംബന്ധിക്കുന്ന ആരോപണങ്ങൾ, നദികളടക്കം മലിനീകരിക്കപ്പെടുന്ന സാഹചര്യം ഇവയെല്ലാം കഴിഞ്ഞ 4 മാസംകൊണ്ട് ഉണ്ടായതല്ല. പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്ഥാപിച്ചിട്ട് 25 വർഷമായിട്ടും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല; അതിന് പരിഹാരം കാണണം. പെരിയാർ നദി

സംരക്ഷിക്കുന്നതിന് നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറായത് സ്വാഗതാർഹമാണ്. അംഗൻവാടികൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ, ഒഴിവുകൾ നികത്താനുള്ള നടപടികൾ, 60 വയസ്സ് കഴിഞ്ഞ ഹെൽപ്പർമാരേയും വർക്കർമാരേയും റിട്ടയർ ചെയ്യിക്കുന്നതിന് സംവിധാനം, എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനത്തിന്റെ വിപുലീകരണങ്ങൾ എന്നീ കാര്യങ്ങൾക്ക് നടപടികൾ സ്വീകരിച്ചതിനേയും സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചിക്കുൻ ഗുനിയ ബാധിച്ച് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുത രമായ ഒരു പ്രശ്നം പ്രതിപക്ഷം ഉന്നയിച്ചപ്പോൾ കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഡെങ്കിപ്പനി, ജപ്പാൻജ്വരം എന്നിവമൂലമുണ്ടായ മരണത്തിന്റെ എണ്ണമെടുത്താണ് ഗവൺമെന്റ് പ്രതിപ ക്ഷത്തെ നേരിടുന്നത്. രണ്ട് മാസം മുമ്പ് കോവളത്താണ് ഈ രോഗം ആദ്യ മായി റിപ്പോർട്ട് ചെയ്തത്. പട്ടണക്കാട് പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ട റുടെ മുമ്പിൽ ജൂലൈ മാസം 27-ാം തീയതിയാണ് ചിക്കുൻ ഗുനിയ എന്നു സംശയിക്കുന്ന രോഗം റിപ്പോർട്ട് ചെയ്തത്. ടെസ്റ്റ് ചെയ്യാൻ വേണ്ടി രക്ത സാമ്പിൾ അയച്ചത് ആഗസ്റ്റ് 18-ാം തീയതിയാണ്. ഈ രോഗത്തെപ്പറ്റി മനസ്സിലാക്കാൻ പൂനെയിൽനിന്നും വിദഗ്ദ്ധ സംഘത്തെ ഇപ്പോഴാണ് അയ ച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയോട് ജില്ലയിലെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ചേർത്തലയിലെ രണ്ട് എം.എൽ.എ.മാരേയും ജനപ്രതിനിധികളേയും മാത്രം യോഗത്തിനു വിളിച്ചു. ചേർത്തല ആശുപത്രി മലിനപ്പെട്ടുകിടക്കുകയാണ്. കൊതുക് നിവാരണ ത്തിനാണ് മുൻഗണന നൽകേണ്ടത്. ആലപ്പുഴ ജില്ലയിൽ പഞ്ചായത്തിന്റെ

നേതൃത്വത്തിൽ കൊതുക് നിവാരണം നടത്താനുള്ള ഒരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. ആരോഗ്യ വകുപ്പു മന്ത്രി ആലപ്പുഴയിൽ പറഞ്ഞത് ഈ രോഗം നിയന്ത്രണാതീതമാണെന്നാണ്. 71 പേർ മരിച്ചിട്ടും ഗവൺമെന്റ് ഇതിന് പ്രയോറിറ്റി നൽകുന്നില്ല. മാരകമായ ഈ രോഗം ബാധിച്ചവർക്ക് സഹായധനവും സൗജന്യറേഷനും പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ ഒരു സഹായവും കൊടുത്തിട്ടില്ല. ഡി.എം.ഒ. ലിസ്റ്റ് കൊടുത്തിട്ടില്ല എന്നാണ് പറയുന്നത്. പിഞ്ചുകുഞ്ഞുങ്ങൾവരെ മരിച്ചുകൊണ്ടിരിക്കുന്നു; ഗർഭിണികളെ മാറ്റിത്താമസിപ്പിക്കുന്നു; ആളുകൾ ഭയപ്പെട്ട് അവിടെനിന്നും പലായനം ചെയ്യുന്നു. ഇത്രയേറെ ഗുരുതരമായ സംഭവത്തെ രാഷ്ട്രീയമായി തിരിച്ചുവിടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. പ്രത്യേക ലീഡർഷിപ്പ് എടുത്ത് വകുപ്പുമന്ത്രി അവിടെ ക്യാമ്പുചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ടതായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ പകർച്ചപ്പനി വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. 24 ഡോക്ടർമാരുടെ സ്ട്രെങ്ത്ത് ഉള്ള ആശുപത്രി യിൽ 15 പേരേ ഉള്ളൂ. വേണ്ടത്ര ഡോക്ടർമാരെ വിന്യസിച്ചിട്ടുണ്ട് എന്ന് 18-ാം തീയതി പറയുകയും 21-ാം തീയതി അവിടെയുള്ള 3 ഡോക്ടർമാരെ കൊല്ലത്തേയ്ക്ക് മാറ്റുകയുമാണ് ഈ ഗവൺമെന്റ് ചെയ്തത്. 1996-ൽ ജപ്പാൻജ്വരം പടർന്നു പിടിച്ചപ്പോഴാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴയിൽ സ്ഥാപിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചത്. ലബോറട്ടറി സൗകര്യവും പരിശോധനയുടെ കിറ്റും കിട്ടിയാൽ പരിശോധിക്കാൻ തയ്യാറാണെന്ന് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥർ പറഞ്ഞിട്ടും അവിടെ പരിശോധനയ്ക്കുള്ള സംവിധാനങ്ങളില്ല എന്നാണ് ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. ഇന്നലെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടാണ് സർവ്വകക്ഷിയോഗം വിളിച്ചത്. കേരളമാകമാനം സംഭീതിയിലായിട്ടും

ഉണർന്നുപ്രവർത്തിക്കാനുള്ള സമീപനം ഗവൺമെന്റിന് ഉണ്ടായിട്ടില്ല. രോഗം നിയന്ത്രിക്കാനും പകരാതിരിക്കാനുള്ള സംവിധാനമുണ്ടാക്കാനുമുള്ള ചുമതല ഗവൺമെന്റിനുണ്ട്. ഓരോ ദിവസവും മനുഷ്യജീവൻ കൊഴിഞ്ഞു വീഴുമ്പോഴും ഭരണകൂടം നിസ്സഹായരായി നോക്കിനിൽക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും സ്വാഗതാർഹമാണ്. വിമർശനത്തിൽ കഴമ്പുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി എടുക്കും എന്ന് ഉറപ്പുതരുന്നു. സ്വാതന്ത്ര്യം കിട്ടി ആറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും ഇന്ത്യയിലെ ആരോഗ്യ സംവിധാനം കാലോചിതമായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സ്ത്രീ കളുടേയും കുട്ടികളുടേയും ആരോഗ്യനിലവാരം ശോചനീയമായി തുടരുകയാണ്. കുട്ടികളുടെ മരണനിരക്ക് വർദ്ധിച്ചുവരുന്നു. 60% കുട്ടികളിലും ഇന്നും പോഷകക്കുറവ് കണ്ടുവരുന്നു. രോഗപ്രതിരോധ മരുന്നുകൾ എല്ലാവർക്കും നൽകുന്നതിൽ പരാജയപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ജനങ്ങളുടെ ചികിത്സാച്ചെലവിന് സർക്കാർ മുടക്കുന്നത് ചെറിയ ഒരു തുക മാത്രമാണ്. ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവംമൂലം സർക്കാർ ആശുപത്രികളുടെ സേവനം വേണ്ടവിധം വിനിയോഗിക്കാൻ കഴിയുന്നില്ല. ഇന്ത്യയിൽ ലഭ്യമായ സർക്കാർ-സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളിൽ 80 ശതമാനവും 20 ശതമാനം ജനങ്ങൾ വസിക്കുന്ന നഗരങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജില്ലാ ആശുപത്രികൾവരെയുള്ളവ മെച്ചപ്പെടുത്താനുള്ള പണവും അധികാരവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്

കൈമാറിയിട്ടുണ്ട്. പക്ഷെ സർക്കാർ ആശുപത്രികളുടെ പ്രവർത്തന നേട്ടങ്ങൾ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. രക്തസമ്മർദ്ദം, പ്രമേഹം, ക്യാൻസർ തുടങ്ങിയ അസുഖങ്ങൾ ഇപ്പോൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് ചികിത്സാച്ചെലവും വർദ്ധിച്ചുവരുന്നു. സ്വകാര്യ ചികിത്സാ ആശുപത്രികൾ വൻതോതിൽ വർദ്ധിച്ചുവരുന്നു. കഴിഞ്ഞ 5 വർഷവും സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തുന്നതിന് യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലാത്തതിനാൽ പി.എച്ച്.സി. കളേയും സി.എച്ച്.സി. കളേയും ജില്ലാ ആശുപത്രികളേയും ആശ്രയിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ആവശ്യമായിട്ടുള്ള സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല. മുൻ ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകപോലും ചെലവഴിക്കാതെ 446 കോടി രൂപ ലാപ്സാക്കുകയാണുണ്ടായത്. 65 ശതമാനം മാത്രമേ പ്ലാൻ ഫണ്ട് വിനിയോഗിച്ചിട്ടുള്ളു. ഇത്തരത്തിൽ ആരോഗ്യരംഗത്ത് പണമുണ്ടായിട്ടും വേണ്ടത്ര ചെലവഴിക്കാൻ മുൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹായം ലഭിച്ച സന്ദർഭത്തിൽ ആ ഫണ്ട് ഉപയോഗിച്ച് 40 സി.എച്ച്.സി.കളെ മാതൃകാ ആശുപത്രികളാക്കി മാറ്റുന്നതിന് 20 ലക്ഷം രൂപ വീതം കൊടുത്ത് അപ്ഗ്രേഡ് ചെയ്യാനും നന്നാക്കാനും തീരുമാനമെടുത്തിട്ടുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഹെൽത്ത് മിനിസ്ട്രിയെ വീണ്ടും സമീപിച്ച് 115 സി.എച്ച്.സി.-കൾ അപ്ഗ്രേഡ് ചെയ്യുകയോ അല്ലെങ്കിൽ ഓരോ പ്രദേശത്തിന്റെ പ്രത്യേകതയും പരിമിതിയും കണക്കിലെടുത്ത് 20 കിലോമീറ്റർ ചുറ്റളവിൽ എല്ലാ ഫെസിലിറ്റീസോടും കൂടിയുള്ള ഒരു ഗ്രാമീണ ആശുപത്രിക്കാവശ്യമായ സഹായം നല്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. വി.ഡി. സതീശൻ: ബഹുമാനപ്പെട്ട മന്ത്രി ഇന്ന് സഭയിൽ നടന്ന ചർച്ചകൾ മുഴുവൻ കേട്ടിട്ടാണ് മറുപടി പറയുന്നത്. ചിക്കുൻ ഗുനിയ രോഗം മൂലം കേരളത്തിലെ മുഴുവൻ ജനങ്ങളും പരിഭ്രാന്തരായിരിക്കുമ്പോൾ അതിന് യാതൊരു മുൻഗണനയും നല്കാതെ ഇവിടെ നിരവധി പ്രാവശ്യം ആവർത്തിക്കപ്പെട്ട കാര്യങ്ങൾ വീണ്ടും വീണ്ടും പറയുന്നു. ചിക്കുൻ ഗുനിയ രോഗം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നുള്ളതാണ് അറിയേണ്ടത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ച മുഴുവൻ കേട്ട് അതിനുള്ള മറുപടിയാണ് പറയുന്നത്.

പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ( ശ്രീ. എം. വിജയകുമാർ): നിയമസഭാ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് സഭ നടക്കുന്നത്. നിയമസഭയുടെ ചരിത്രത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ലാത്ത തികച്ചും നിർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് പ്രതിപക്ഷത്തുനിന്നും ഉണ്ടായിരിക്കുന്നത്. ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച കഴിഞ്ഞ് ബന്ധപ്പെട്ട മന്ത്രിയുടെ മറുപടി ഏറ്റവും പ്രധാനപ്പെട്ട ഇനമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ നടത്തിയ ചർച്ചകൾ ക്രോഡീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാരിനുവേണ്ടി നടത്തുന്ന മറുപടി എങ്ങനെ ആയിരിക്കണം, ഏത് രൂപത്തിൽ ആയിരിക്കണമെന്ന് നിശ്ചയിക്കുന്നത് അത് കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്. സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു സംഭവമുണ്ടാകുന്നത്. ഇത് ഒരിക്കലും അംഗീകരിക്കാനാവില്ല. തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കരുത്. പ്രതിപക്ഷനേതാവ് ഇക്കാര്യത്തിൽ ഒരു നിലപാടെടുക്കണം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് നടുത്തളത്തിലേയ്ക്ക് ഇറങ്ങിയപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ സഭ അല്പ സമയത്തേയ്ക്ക് നിറുത്തിവയ്ക്കുന്നതായി അറിയിച്ചു.)

(3.43–ന് നിർത്തിവച്ച സഭ 4.13–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

<u>മി. സ്പീക്കർ</u> : ഇന്ന് സഭയിലുണ്ടായ സംഭവങ്ങൾ ദൗർഭാഗ്യകരമാണ്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ഭരണ–പ്രതിപക്ഷ ഭാഗത്തു നിന്നുമുള്ള സഹകരണം ചെയർ പ്രതീക്ഷിക്കുകയാണ്. സഭയുടെ കീഴ്വഴക്കങ്ങളും ചട്ടങ്ങളും അനുസരിച്ചുകൊണ്ടുതന്നെ ആയിരിക്കണം മുന്നോട്ടുപോകേണ്ടത്. ചില കാര്യങ്ങളിൽ തർക്കങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. തർക്കങ്ങൾ ഉണ്ടാകുമ്പോൾ ഏത് രീതിയിൽ മറുപടി പറയണമെന്ന് ചെയറിന് നിർബന്ധിക്കാൻ കഴിയുകയില്ല. അതെല്ലാം വളരെ സംയമനത്തോടുകൂടി ഭരണ–പ്രതിപക്ഷ അംഗങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്. ഇന്നിവിടെയുണ്ടായ സംഭവങ്ങൾ തുടർന്ന് സഭയിൽ ഉണ്ടാകാതിരിക്കാൻ ഒരിക്കൽക്കൂടി ഭരണ–പ്രതിപക്ഷാംഗങ്ങളുടെ സഹകരണം ചെയർ പ്രതീക്ഷിക്കുകയാണ്. സഭാനടപടികൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ചർച്ച തുടരണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഭരണ–പ്രതിപക്ഷ കക്ഷി നേതാക്കളുമായി ഈ കാര്യങ്ങളെല്ലാം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് സംസാരിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതാണ്. എല്ലാവരുടേയും സഹകരണം ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. ഇന്നത്തെ ചർച്ചയിൽ പ്രതിപക്ഷം പൂർണ്ണമായും സഹകരിച്ച് മുന്നോട്ടുപോകുകയായിരുന്നു. ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിന്റെ പേരിൽ പ്രതിപക്ഷത്തിനു പ്രതിഷേധം പ്രകടിപ്പിക്കാൻ വേണ്ടിയാണ് ചിക്കുൻഗുനിയ പ്രശ്നം മാത്രം സംസാരിക്കാൻ തീരുമാനിച്ചത്. ഇന്ന് ചർച്ച തുടങ്ങിയതിനുശേഷം 3 പേർ കൂടി മരിച്ചിരിക്കുന്നു. ഇതിന്റെ ഗൗരവം ഉൾക്കൊണ്ട് മന്ത്രി മറുപടി പറയുമെന്നാണ് കരുതിയത്. പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കുന്നതാണ്. ഇന്ന് മുഖ്യമന്ത്രി വിളിച്ചിട്ടുള്ള സർവ്വകക്ഷി യോഗത്തിൽ എല്ലാവരും പങ്കെടു ക്കുന്നതാണ്. ഗവണ്മെന്റ് ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കാണിക്കുന്നില്ല എന്നുള്ള പരാതിയാണ് പ്രതിപക്ഷം പ്രകടിപ്പിച്ചത്. ഗുരുതരമായ ഈ പ്രശ്നത്തെക്കുറിച്ചുള്ള മറുപടി കേൾക്കാൻ താൽപര്യമുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): തികച്ചും ജനാധിപത്യപരമായ അവകാശങ്ങളാണ് ഈ ഗവണ്മെന്റ് എടുക്കുന്നത്. പ്രതിപക്ഷനേതാവ് അവതരിപ്പിച്ച വിഷയത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് മറുപടി പറയുന്നതാണ്. ഈ കാര്യത്തിൽ യോജിച്ച ഏതുവിധ പ്രവർത്തനത്തിനും പ്രതിപക്ഷം തയ്യാറാ ണെന്നത് സ്വാഗതാർഹമാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

(ചിക്കുൻ ഗുനിയ പ്രശ്നത്തെക്കുറിച്ച് മറുപടി പറയാൻ തയ്യാറാകാ ത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗ ങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

ഇടതുപാർട്ടികളുടെ ശക്തമായ ഇടപെടലിനെത്തുടർന്നാണ് യു.പി.എ. ഗവണ്മെന്റ് കോമൺ മിനിമം പ്രോഗ്രാമിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഉൾപ്പെടുത്തിയത്. ഈ പദ്ധതിക്കായി 2005–06–ൽ കേരളത്തിന് അനുവദിച്ച 10.69 കോടി രൂപയിൽ ഒരു നയാപൈസപോലും ചെലവഴിച്ചിട്ടില്ല എന്ന കാര്യം നിഷേധിക്കാനാവില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പദ്ധതി നടത്തിപ്പിനായി ഒരു ഐ.എ.എസ്. ഓഫീസറെ സംസ്ഥാന മിഷൻ ഡയറക്ടറായി നിയമിച്ചു. 2007 മാർച്ച് 31–നുള്ളിൽ കേരളത്തിൽ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പൂർത്തിയാക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. സംസ്ഥാന മിഷനും ഗവേണിംഗ് ബോഡിയും യോഗം ചേർന്ന് സംസ്ഥാനതല സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലും ജില്ലാതല സൊസൈറ്റികൾ രൂപീകരിക്കുന്നതാണ്. പി.എച്ച്.സി.കളുടെ കീഴിലുള്ള 5094 സബ്സെന്ററുകൾ പ്രവർത്തനക്ഷമമാക്കാൻ 10,000 രൂപ വീതം അനുവദിച്ചു. ഗ്രാമങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അമ്മമാർക്ക് പ്രസവാനന്തരം 700 രൂപയും നഗരങ്ങളിലുള്ളവർക്ക് 600 രൂപയും കൊടുക്കാനുള്ള ഉത്തരവിൽ ഭേദഗതി വരുത്തി. വില്ലേജ് ഓഫീസർ കൊടുക്കുന്ന വരുമാന സർട്ടിഫിക്കറ്റിനെ മാത്രം ആശ്രയിച്ചല്ല, മറിച്ച് പഞ്ചായത്തു പ്രസിഡന്റും സ്ഥലം വാർഡ് മെമ്പറും നിർദ്ദേശിക്കുകയാണെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് പ്രസവാനന്തരസഹായം നൽകാവുന്നതാണെന്ന് ഈ ഗവണ്മെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ആരോഗ്യ മിഷനും ഹെൽത്ത് സൊസൈറ്റികളും പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ ഹെൽത്ത് സൊസൈറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കും ചെയർമാൻ.

പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയുടെ ഭരണപരമായ മേൽനോട്ടം ഫലപ്രദമായി നിർവ്വഹിക്കാൻ ഓരോ ആശുപത്രിയിലും പഞ്ചായത്ത് പ്രസിഡന്റോ, നഗരസഭാദ്ധ്യക്ഷനോ ചെയർമാനായി 15 അംഗങ്ങളുള്ള ഒരു ഹോസ്പിറ്റൽ മാനേജുമെന്റ് കമ്മിറ്റി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ട്. പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടങ്ങൾ അനുസരിച്ച് ജില്ലാ ആശുപത്രികളുടെ പ്രവർത്തനം നടത്തുന്നതാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംവിധാനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിലും സ്ത്രീകൾക്കും കുട്ടികൾക്കും എല്ലാവിധ ചികിൽസാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. ഗ്രാമതലം മുതൽ ജില്ലാതലംവരെ ആരോഗ്യസേവനത്തിന്റെ ഗുണനിലവാരം മികവുറ്റതാക്കാൻ സമഗ്രമായ കർമ്മ പദ്ധതി പഞ്ചായത്തുകളും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതാണ്. സ്ഥലപരിമിതിയുൾപ്പെടെയുള്ള വളരെയേറെ അസൗകര്യങ്ങളാണ് മെഡിക്കൽ കോളേജുകളിൽപ്പോലും കഴിഞ്ഞ കാലത്തുണ്ടായിരുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്തുമെന്ന് യു.ഡി.എഫ്. ഗവണ്മെന്റ് പറഞ്ഞിരുന്നെങ്കിലും അതിന് സാധിക്കാത്തതുകൊണ്ട് ഈ ഗവണ്മെന്റ് വി.എം.എസ്.എസ്.-ൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ ഒരു പ്രോജക്ടിന് അനുമതി നൽകുകയും നവംബർ 1-ാം തീയതി പ്രധാനമന്ത്രിയെക്കൊണ്ട് ഉത്ഘാടനം ചെയ്യിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. എസ്.എ.ടി. ആശുപത്രിക്ക് 20 കോടി രൂപയുടെ ജാപ്പനീസ് പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫാർമസി കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചു. തൃശൂർ, ആലപ്പുഴ, കോട്ടയം

മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്–ന് 50 സീറ്റുകൾ വീതം വർദ്ധിപ്പിക്കുകയും അതിലൂടെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനവസരമുണ്ടാക്കുകയും ചെയ്തു. നിയമത്തിന്റേയും ചട്ടങ്ങളുടേയും അപാകതകൾ കൊണ്ട് ഡി.പി.സി.കൂടാത്ത സ്ഥിതിവിശേഷം ചർച്ചകളിലൂടെ പരിഹരിക്കപ്പെടുകയും അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനും അതിന്റെ ഭാഗമായുണ്ടായ വേക്കൻസികൾ നികത്തുന്നതിനും സാധിച്ചു. ദന്തൽ മെഡിക്കൽ കോളേജിന്റെ അംഗീകാരവും കുട്ടികളുടെ പഠന സൗകര്യവും നഷ്ടപ്പെടാതിരിക്കാൻ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിന് ഗവണ്മെന്റിന് സാധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് കേന്ദ്ര ആരോഗ്യ വകുപ്പു മന്ത്രിയെ കാണുകയും 50 കോടി രൂപയുടെ പ്രോജക്ടിന് സെൻട്രൽ മിനിസ്ട്രിയുടെ അംഗീകാരം നേടുകയും ചെയ്തു. ആലപ്പുഴ, തൃശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നബാർഡിൽനിന്ന് 10 കോടിരൂപ വീതം ഈ വർഷം കൊടുക്കുന്നതിന് തയ്യാറായി. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേയ്ക്ക് മാറ്റുന്നതിനുള്ള തീരുമാനമെടുത്തു. അഞ്ച് മെഡിക്കൽ കോളേജുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർമാരെ നിയമിച്ചു. 1961–ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺമൂലമുള്ള സ്റ്റാഫിന്റെ അഭാവം സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ പുതിയ സ്റ്റാഫ് പാറ്റേണുണ്ടാക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. നഴ്സസ് ട്രെയിനിംഗിനുവേണ്ടി റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 8 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൃശൂരിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുള്ളതുകൂടാതെ തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട,

ജില്ലാ ആശുപത്രികളോടനുബന്ധിച്ചും കോഴഞ്ചേരിയിലും നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ട്. മരുന്നിന്റെ കാര്യത്തിലുള്ള അഴിമതി അവസാനിപ്പിക്കുന്നതിന് പുതിയ ഔഷധ നയം കൊണ്ടുവരുന്നതിന് ആലോചിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കുന്നതിന് കോട്ടയത്ത് ആരംഭിച്ച നഴ്സിംഗ് കോളേജിന് ഈ വർഷംതന്നെ കെട്ടിടം പണി ആരംഭിക്കും. തിരുവനന്തപുരം ജില്ലയിൽനിന്ന് നഴ്സിംഗ് പഠിച്ചിറങ്ങിയ പട്ടികവർഗ്ഗത്തിൽപെട്ട 1,500-ലധികം കുട്ടികൾക്ക് മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും ജോലി നൽകുന്നതിന് ഈ ഗവണ്മെന്റിന് സാധിച്ചു. സംസ്ഥാനത്ത് തുല്യപങ്കാളിത്തം വഹിക്കുന്നതും അതേസമയം ഏറ്റവും കൂടുതൽ വിമർശനം നേരിടുന്നതുമായ അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സാവിഭാഗങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ഗ്രാമീണ മേഖലയിൽ പാവപ്പെട്ടവർക്കും ഇവയുടെ സൗകര്യം ലഭിക്കാൻ നടപടി സ്വീകരിക്കും. പാരമ്പര്യ-ആയുർവ്വേദ വൈദ്യന്മാർക്ക് വൈദ്യശാല നടത്തുന്നതിന് ലൈസൻസ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ഓരോ പഞ്ചായത്തിലും ആയുർവ്വേദ, ഹോമിയോ, അലോപ്പതി ആശുപത്രികൾ ഓരോന്നുവീതം ഈ വർഷമല്ലെങ്കിൽ അടുത്ത വർഷം നടപ്പാക്കുന്നതാണ്. ചിക്കുൻ ഗുനിയ പനിബാധ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നയുടനെതന്നെ അത് ഗൗരവമായിട്ടെടുക്കുകയും വൈറോളജിയുമായി ബന്ധപ്പെട്ട വിഷയത്തിൽ എക്സ്പേർട്ട്സിനെ രോഗബാധയുള്ള പ്രദേശത്തേയ്ക്ക് നിയോഗിക്കുകയും ചെയ്തു. ചിക്കുൻ ഗുനിയ ബാധിച്ച വിഴിഞ്ഞം പ്രദേശം സന്ദർശിക്കുകയും ശക്തമായ ഇടപെടൽ നടത്തുകയും ചെയ്തതിന്റെ ഫലമായി പനി ബാധയേൽക്കുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാക്കുന്നതിനു സാധിച്ചു. ചേർത്തലയുടെ പാരിസ്ഥിതിക പ്രശ്നങ്ങളും

ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് മരണസംഖ്യയും രോഗ ബാധയും വർദ്ധിക്കുന്നതിന് ഇടയാക്കിയത്. ചേർത്തല താലൂക്കിലെ എല്ലാ ആശുപത്രികളിലും ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുകയും ഡി.എച്ച്.എസുമായി ബന്ധപ്പെട്ട് റിലീവ് ചെയ്ത ഡോക്ടർമാരെപ്പോലും വീണ്ടും നിയമിച്ച് ഡോക്ടർമാരുടെ കുറവ് പരിഹരിക്കുകയും ചെയ്തു. ഡി.എം.ഒ.യുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആക്ഷേപങ്ങൾ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ചേർത്തലയിൽ ഐ.എം.എ. രംഗത്ത് വന്നിട്ടുള്ളതു കൂടാതെ ഡബ്ള്യൂ.എച്ച്.ഒ.യുടെ സഹായം ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. നാഷണൽ ലെവലിലുള്ള മൂന്ന് പ്രധാനപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രതിനിധികൾ ചേർത്തലയിൽ എത്തിച്ചേർന്നിട്ടുള്ളതു കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, റെഡ് ക്രോസ് എന്നിവരും രംഗത്തുണ്ട്. പുതുതായി പഠിച്ചിറങ്ങിയ 30 ഡോക്ടർമാരേയും ചേർത്തലയിലേയ്ക്ക് അയച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന തൈക്കാട്ടുശ്ശേരി പി.എച്ച്.സി. തുറക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളുണ്ടാക്കുന്നതിനും ഡോക്ടർമാരെ നിയമിക്കുന്നതിനും സാധിച്ചു. കൂടാതെ മുഹമ്മ പി.എച്ച്.സിയെ സി.എച്ച്.സിയാക്കി ഉയർത്തുന്നതിന് സാധിച്ചു. കലവൂർ, വെളിയനാട്, തണ്ണീർമുക്കം, മുഹമ്മ, എഴുപുന്ന, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിലെ പി.എച്ച്.സി.കളിൽ ഐ.പി. സൗകര്യമുണ്ടാക്കുന്നതിന് സാധിച്ചു. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും അവിടെയുള്ള ആളുകൾക്ക് ശമ്പളം കൊടുക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി മാത്രം 2,45,00,000 (രണ്ടുകോടി നാൽപ്പത്തിയഞ്ചു ലക്ഷം) രൂപയുടെ

പ്രോജക്ട് കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുള്ളത് എത്രയുംവേഗം ലഭിക്കുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. മാരകമായ രോഗബാധയുടെ ഗുരുതരമായ അവസ്ഥ നേരിടുന്നതിന് ഭരണ–പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും സഹകരിക്കണമെന്നാണ് ഗവണ്മെന്റിന് പറയാനുള്ളത്. എല്ലാ മണ്ഡലങ്ങളിലേയും പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ അത്യാവശ്യ സൗകര്യങ്ങളൊരുക്കുന്നതിന് എം.എൽ.എ ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് എം.എൽ.എ.മാർ മുൻകൈയെടുക്കണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX–ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.03–ന് പിരിഞ്ഞു.